# 13

# സഭയ്ക്കുള്ള ക്രിസ്തുവിന്റെ ദാനങ്ങളെ മനസിലാക്കൽ

## (4:7-16)

ഒന്നാം നൂറ്റാണ്ടിൽ, പുതിയനിയമം എഴുതിയ സമയത്ത്, സഭ ശൈശവപ്രായത്തിലായതിനാൽ, സഭ ശരിയായി പ്രവർത്തിക്കുവാൻ പ്രത്യേക വരങ്ങൾ ആവശ്യമായിരുന്നു. പുതിയനിയമം എഴുതി തീർന്നപ്പോൾ, ആ പ്രത്യേക വരങ്ങളുടെ ആവശ്യമില്ലാതിരുന്നതിനാൽ അത് നിന്നുപോയി.

ആ പ്രത്യേക വരങ്ങളെ “ആത്മികങ്ങൾ” (*ന്യുമാറ്റിക്കോസ്*) എന്നാണ് അറിയപ്പെട്ടിരുന്നത്. അവ 1 കൊരിന്ത്യർ 12:1-31-ൽ, എണ്ണുവാനും നിയന്ത്രിക്കുവാനും കഴിഞ്ഞിരുന്നു. അവ നൽകിയത് സഭയുടെ ഐക്യതക്കും ആത്മികവർദ്ധനവിനുമായിരുന്നു. എന്നാൽ കൊരിന്ത്യർ അവയെ വിയോജിപ്പുണ്ടാക്കുന്നതിന് ശ്രമിച്ചപ്പോൾ, പൗലൊസ് അവയുടെ ഉപയോഗത്തെ നിയന്ത്രിച്ചു.

“ആത്മിക വരങ്ങൾ” അപ്പൊസ്തലന്മാരുടെ കൈവെപ്പിനാൽ മറ്റുള്ളവർക്ക് പകർന്നു കൊടുത്തിരുന്നു. പ്രവൃത്തികൾ 6:1-6-ൽ യെരുശലേം സഭയിൽ പ്രത്യേക വേലക്കായി ഏഴ് പുരുഷന്മാരെ തിരഞ്ഞെടുത്തിരുന്നു. അപ്പൊസ്തലന്മാർ “അവരുടെ മേൽ കൈവെച്ചു.” അവരിൽ ഒരാളായിരുന്നു സ്തെഫാനൊസ്, അവന് “ആളുകൾക്കിടയിൽ വലിയ അത്ഭുതങ്ങളും വീര്യപ്രവൃത്തികളും ചെയ്യുവാൻ കഴിഞ്ഞിരുന്നു” (പ്രവൃ. 6:8). മറ്റൊരാളായിരുന്നു ഫിലിപ്പൊസ്, അവന്റെ സന്ദേശം സ്ഥിരീകരിക്കുന്നതിനായി വലിയ അത്ഭുതങ്ങൾ ശമര്യയിൽ പ്രവർത്തിച്ചു (പ്രവൃ. 8:6). ശമര്യയിലുള്ളവർ ക്രിസ്ത്യാനികളായി തീർന്നകാര്യം യെരുശലേമിലെ അപ്പൊസ്തലന്മാർ കേട്ടു, അവരുടെ മേൽ കൈവെച്ച് അവർക്ക് പരിശുദ്ധാത്മ വരങ്ങൾ പകർന്നു കൊടുക്കേണ്ടതിന് അവർ പത്രൊസിനേയും യോഹന്നാനേയും ശമര്യയിലേക്ക് അയച്ചു. ആത്മിക വരങ്ങൾ പകർന്നുകൊടുക്കുവാൻ ഫിലിപ്പൊസിന് കഴിയാതിരുന്നത് എന്തുകൊണ്ടാണ്? അങ്ങനെ കഴിഞ്ഞിരുന്നുവെങ്കിൽ അപ്പൊസ്തലന്മാർക്ക് ശമര്യയിലേക്കുള്ള യാത്ര ഒഴിവാക്കാമായിരുന്നല്ലൊ. അതിനുള്ള ലളിതമായ ഉത്തരം എന്തെന്നാൽ ആത്മിക വരങ്ങൾ പകർന്നു കൊടുക്കുവാൻ അപ്പൊസ്തലന്മാർക്ക് മാത്രമെ അധികാരം ലഭിച്ചിരുന്നുള്ളു എന്നതാണ്.

പൗലൊസ് 2 തിമൊഥെയൊസ് 1:6-ൽ പൗലൊസ് ആത്മിക വരങ്ങളെ കുറിച്ച് എഴുതിയിരിക്കുന്നു, “അതുകൊണ്ട്, *എന്റെ കൈവെപ്പിനാൽ നിന്നിലുള്ള* ദൈവത്തിന്റെ കൃപാവരം ജ്വലിപ്പിക്കേണം എന്നു നിന്നെ ഓർമ്മപ്പെടുത്തുന്നു.” (എംഫസിസ് ആഡഡ്). ആ പ്രത്യേക കഴിവുകളെ കുറിച്ച് അവൻ 1 തിമൊഥെയൊസ് 4:14 ലും പറയുന്നു: “മൂപ്പന്മാരുടെ കൈവെപ്പോടുകൂടെ പ്രവചനത്താൽ ലഭിച്ചതായ ... നിന്നിലുള്ള കൃപാവരം ഉപേക്ഷയായി വിചാരിക്കരുത്.” “പ്രെസ്ബിറ്ററി” എന്ന് ഇംഗ്ലീഷിൽ പറഞ്ഞിരിക്കുന്നത് സഭയിലെ മൂപ്പന്മാരെയാണ്. മൂപ്പന്മാർക്കും ആ വരങ്ങൾ നൽകുവാൻ കഴിഞ്ഞിരുന്നോ? തിമൊഥെയൊസിനെ കുറിച്ച് പൗലൊസ് പറഞ്ഞപ്പോൾ, “കൈവെപ്പോടു

കൂടി" എന്നാണ് പറഞ്ഞത്. അവൻ അവിടെ ഉപയോഗിച്ച ഗ്രീക്ക് പ്രിപൊസിഷൻ (*ഡൈയാ*) അർത്ഥം "പ്രൊസീഡിങ് ഫ്രം" എന്നാണ്, അത് "ഒരു പ്രവൃത്തിയുടെ ഉപകരണം, അല്ലെങ്കിൽ മാർഗം എന്നാണ് സൂചിപ്പിക്കുന്നത്."[1] എങ്ങനെയായാലും, "മൂപ്പന്മാരുടെ കൈവെപ്പോടുകൂടി നിനക്ക് ലഭിച്ച കൃപാവരം" എന്നു പൗലൊസ് പറഞ്ഞപ്പോൾ ഉപയോഗിച്ചത് (*മേറ്റാ*) സൂചിപ്പിക്കുന്നത്, "ബന്ധത്തോടുകൂടി" അല്ലെങ്കിൽ, "സഹവർത്തിത്വത്തോടെ."[2] തിമൊഥെയൊസിനു ലഭിച്ച കൃപാവരം പൗലൊസി*നാൽ*, അല്ലെങ്കിൽ അവൻ *മുഖാന്തരം* ആണ് ലഭിച്ചത്. ആ വരം മൂപ്പന്മാരുടെ കൈപ്പോടുകൂടെയുമായിരിക്കാം ലഭിച്ചത്, അതല്ലെങ്കിൽ "ദൈവം നിന്നെ അനുഗ്രഹിക്കട്ടെ" എന്നു കൈ കൊടുത്തു പറയുന്നതുപോലെ, കൈവെച്ചിരിക്കാം. ആത്മിക വരങ്ങൾ അപ്പൊസ്തലന്മാരാൽ മാത്രമാണ് പകർന്നു കൊടുത്തിരുന്നത്.

എത്ര കാലം ആ വരങ്ങൾ കൊടുത്തിരുന്നു? അപ്പൊസ്തലന്മാരാൽ മാത്രമാണ് അവ പകർന്നു കൊടുത്തിരുന്നത് എന്നതിനാലും, ലഭിച്ചവർക്ക് അത് മറ്റുള്ളവരിലേക്ക് പകർന്നു കൊടുപ്പാൻ കഴിയാതിരുന്നതിനാലും, അവസാനത്തെ അപ്പൊസ്തലനും മരിച്ചുകഴിയുന്നതുവരെ ആയിരുന്നു ആത്മിക വരങ്ങൾ തുടർന്നിരുന്നത്. ആ സമയമായപ്പോഴേക്കും പുതിയനിയമം പൂർണ്ണമായും എഴുതി തീരുകയും, അത്ഭുതവരങ്ങളുടെ ഉദ്ദേശം നിറവേറ്റുകയും ചെയ്തിരുന്നു.

സഭയ്ക്കുള്ള ക്രിസ്തുവിന്റെ വരങ്ങൾ മുഴുവൻ "ആത്മികവരങ്ങൾ" ആയിരുന്നില്ല; അല്ലെങ്കിൽ എല്ലാം അത്ഭുതപരവുമായിരുന്നില്ല. മുകളിൽ പറഞ്ഞ വരങ്ങൾ കൂടാതെ, സഭയ്ക്ക് ക്രിസ്തു സാധരണയും തുടരുന്നതുമായ വരങ്ങൾ നൽകിയിരുന്നു.

## വിജയിയായ ക്രിസ്തു വരങ്ങൾ നൽകുന്നു (4:7-10)

**7 എന്നാൽ നമ്മിൽ ഓരോരുത്തന്നു ക്രിസ്തുവിന്റെ ദാനത്തിന്റെ അളവിന്ന് ഒത്തവണ്ണം, കൃപ ലഭിച്ചിരിക്കുന്നു.**
**8 അതുകൊണ്ട്, "അവൻ ബദ്ധന്മാരെ പിടിച്ചുകൊണ്ടുപോയി,**
**ഉയരത്തിൽ കയറി മനുഷ്യർക്ക് ദാനങ്ങളെ കൊടുത്തു"**
**9 ("കയറി" എന്നു പറയുന്നതിനാൽ, അവൻ ഭൂമിയുടെ അധോഭാഗങ്ങളിലേക്ക് ഇറങ്ങി എന്നു വരുന്നില്ലയോ? 10 ഇറങ്ങിയവൻ സകലത്തെയും നിറക്കേണ്ടതിന്ന് സ്വർഗാധിസ്വർഗത്തിന് മീതെ കയറിയവനും ആകുന്നു.)**

**വാക്യങ്ങൾ 7, 8.** എല്ലാ വരങ്ങളേയും മൊത്തത്തിൽ ക്രിസ്തുവിന്റെ ദാനങ്ങൾ എന്നാണ് വിളിച്ചിരിക്കുന്നത് (4:7). ക്രിസ്തു ആവശ്യമുള്ളതെല്ലാം സഭയ്ക്ക് നൽകി. അത് നേടിയെടുക്കുവാനോ അല്ലെങ്കിൽ യോഗ്യമാക്കുവാനോ കഴിയാത്ത **കൃപാദാനമായിരുന്നു**, എന്നാൽ ക്രിസ്തു അത് സഭയ്ക്ക് സൗജന്യമായിട്ടാണ് നൽകിയത്.

ആ ദാനങ്ങൾ വലിയ വിജയകരമായ അവസ്ഥയിൽ ഉപയോഗിക്കുന്നതിനെ കുറിച്ച് പൗലൊസ് വിശദമാക്കിയിരിക്കുന്നു. വാക്യം 8 ലെ ഉദ്ധരണി സങ്കീർത്തനങ്ങൾ 68:18 ൽനിന്നാണ്, ഇവിടെ പ്രത്യക്ഷമായ സങ്കീർത്തനഭാഗത്തിൽ ചെറിയ വ്യത്യാസം ഉണ്ടെങ്കിലും കാര്യം പ്രസക്തമാണ്. (1) ദൈവം

"കയറുന്നതായാണ്" സങ്കീർത്തനക്കാരൻ പറയുന്നത്, അത് ഒരുപക്ഷെ പഴയനിയമ കാലത്തെ ജനങ്ങളുടെ ഇടയിലേക്ക് സീനായ് പർവ്വതത്തിൽ വസിക്കുന്നതിനെയായിരിക്കാം പറയുന്നത്. (2) ദൈവത്തിന് ദാനങ്ങൾ "ലഭിച്ചതായാണ്" സങ്കീർത്തനക്കാരൻ പറയുന്നത്. ഈ ലേഖനത്തിൽ, പൗലൊസ് സങ്കീർത്തനം ക്രിസ്തുവിനെ പ്രയോഗിച്ചാണ് പറഞ്ഞിരിക്കുന്നത്. **ദാനങ്ങൾ** തിരുവെഴുത്ത് പ്രതീക്ഷിക്കുന്നത് ക്രിസ്തുവുമായി ബന്ധപ്പെട്ടാണ്. എങ്ങനെയായാലും, പഴയനിയമം ഉദ്ധരിച്ച് ദാനങ്ങൾ ക്രിസ്തു *വാങ്ങുകയല്ല, കൊടുക്കുകയാണ്* ചെയ്യുന്നത്. കൂടാതെ പൗലൊസ് സങ്കീർത്തനം ഉപയോഗിച്ച് പറയുന്നത് ക്രിസ്തു **ഉയരത്തിൽ കയറിയ** *ശേഷം* ആണ് ദാനങ്ങളെ കൊടുത്തത് എന്നാണ്. ക്രിസ്തു മരിച്ച് ഉയർത്തെഴുന്നേറ്റു തന്റെ തേജസ്ക്കരണത്തിനു ശേഷമാണ് അവൻ ദാനങ്ങളെ കൊടുത്തത്. രണ്ടാമത്തെ പോയിന്റ് മനസിലാകുമ്പോൾ സങ്കീർത്തനം പ്രയോഗിച്ചതിൽ യാതൊരു പ്രശ്നവുമില്ല എന്നു മനസിലാകും. എന്നാൽ ദാനങ്ങൾ കൊടുക്കുന്നതും വാങ്ങുന്നതും എന്താണ്?

മോശെ സിനായ് പർവ്വതത്തിനു മുകളിലേക്ക് കയറി ദൈവത്തിൽനിന്നു ന്യായപ്രമാണം വാങ്ങി, ആ ന്യായപ്രമാണം യിസ്രായേൽ ജനത്തിന് നൽകിയതിനെ കുറിച്ചാണ് സങ്കീർത്തനങ്ങൾ 68 പറയുന്നത് എന്നാണ് യെഹൂദന്മാരുടെ ടാർഗംസ്[3] പറയുന്നത്.[4] എബ്രായ വേദഭാഗത്ത് ടർഗംസ് ലഭിച്ചു എന്നതിനു മാറ്റം വരുത്തി LXX ൽ കൊടുത്തു എന്നാക്കി, മോശെ യിസ്രായേലിന് ന്യായപ്രമാണം കൊടുത്തു എന്നു എഴുതിയിരിക്കുന്നു. പൗലൊസ് ആ രീതിയിലായിരിക്കണം, ക്രിസ്തു ആരോഹണം ചെയ്ത് ക്രിസ്ത്യാനികൾക്ക് ദാനങ്ങൾ നൽകി എന്ന് ഊന്നി പറഞ്ഞിരിക്കുന്നത്. പൗലൊസിന് ടാർഗംസിലെ വാക്കുകൾ പരിചയമുണ്ടായിരുന്നു എന്ന കാര്യത്തിൽ സംശയമില്ല. അത് ഉദ്ധരിച്ചപ്പോൾ പരിശുദ്ധാത്മാവ് ആവശ്യമായ ക്രമീകരണങ്ങൾ വരുത്തിയിരിക്കണം. പരിശുദ്ധാത്മാവ് ഇങ്ങനെ പറഞ്ഞിരിക്കാം, "ദൈവം യിസ്രായേൽ ജനത്തിനിടയിൽ വസിപ്പാൻ സീയോൻ പർവ്വതത്തിലേക്ക് കയറിയപ്പോൾ, അവർ ദൈവത്തിന് ആരാധനയും സേവനവും അർപ്പിച്ചു എന്നെഴുതുവാൻ ദാവീദിനോട് എഴുതുവാൻ പറഞ്ഞത് ഞാൻ ആണ്. സങ്കീർത്തനങ്ങൾ ഉദ്ധരിച്ച് ക്രിസ്തു ഉയരങ്ങളിൽ പിതാവിന്റെ വലത്തു ഭാഗത്ത് കയറി ദാനങ്ങളെ കൊടുത്തു എന്നെഴുതുവാൻ പൗലൊസിനോട് ആവശ്യപ്പെട്ടതും ഞാനാണ്." സങ്കീർത്തനങ്ങൾ 68 എഫെസ്യ ലേഖനത്തിൽ ഉപയോഗിച്ചത് വ്യാഖ്യാനത്തിനല്ല, മറിച്ച് പ്രായോഗികതക്കാണ്, പരിശുദ്ധാത്മ നിയോഗത്താലായിരുന്നു പൗലൊസ് ആ പ്രായോഗികത വരുത്തിയത്.[5]

പ്രവൃത്തികൾ 2:33 ന്റെ പിന്നിലും സങ്കീർത്തനങ്ങൾ 68:18 ഉണ്ടായിരുന്നേക്കാം, അതുകൊണ്ട് പെന്തെകൊസ്തു നാളിൽ സഭ ആരംഭിച്ചപ്പോൾ അത് ബന്ധപ്പെടുത്തിയിരിക്കുന്നു. ക്രിസ്തു ആരോഹണം ചെയ്തു കഴിഞ്ഞതിനാൽ, അന്ന് അനുസരിച്ച വിശ്വാസികളിൽ രക്ഷാദാനവും പരിശുദ്ധാത്മ ദാനവും നൽകി (പ്രവൃത്തികൾ 2:38). തേജസ്ക്കരിക്കപ്പെട്ട കർത്താവ് പിതാവിന്റെ വലത്തുഭാഗത്ത് ഇരുന്ന് സഭയ്ക്ക് ആവശ്യമായതെല്ലാം പ്രവൃത്തികൾ 2 മുതൽ ഇന്നു വരെയും, ഇനിയും നൽകിക്കൊണ്ടിരിക്കും.

**അവൻ ബദ്ധന്മാരെ പിടിച്ചുകൊണ്ടുപോയി** എന്നത്, ഈ സന്ദർഭത്തിൽ, താൻ ക്രൂശിൽ ചെയ്തതിനാലും, കല്ലറ ശൂന്യമാക്കിയതിനാലും, ക്രിസ്തു പാപത്തെയും മരണത്തെയും കീഴ്പ്പെടുത്തി. പുരാതന രാജാക്കന്മാർ തങ്ങ

ളുടെ ശത്രുക്കളെ തടവുകാരാക്കി സ്വന്ത സ്ഥലത്തേക്ക് കൊണ്ടുപോകുന്നതുപോലെ, ക്രിസ്തു തന്റെ ശത്രുക്കളായിരുന്നവരെ എല്ലാം ബദ്ധന്മാരാക്കി കൊണ്ടുപോയി. തന്റെ ഉയർത്തെഴുന്നേൽപിനു ശേഷം ക്രിസ്തു വിജയിയായി സ്വർഗത്തിലേക്ക് തിരിച്ചുപോയി (1:20, 21 നോക്കുക). മുൻപ് പാപത്തിന്റെ ബന്ധനത്തിലായിരുന്നവരെ ക്രിസ്തുവിനെ സേവിക്കേണ്ടതിന് സ്വതന്ത്രരാക്കി. പൗലൊസ് തന്നെയും മറ്റുള്ളവരെയും ഉൾപ്പെടുത്തി ക്രിസ്തുവിന്റെ ദാസന്മാർ എന്നാണ് പറഞ്ഞത് (റോമർ 1:1; ഫിലി. 1:1; തിത്തൊ. 1:1). "ദാസൻ" എന്നത് തർജിമ ചെയ്തിരിക്കുന്നത് *ഡൗലൊസ്* ആണ്, അർത്ഥം, "മറ്റൊരാൾക്ക് സ്ഥിരമായി ദാസ്യജോലി ചെയ്യുന്ന ആൾ, അടിമ" എന്നാണ്.[6] ഈ സംഭവത്തിൽ, ക്രിസ്ത്യാനികൾ ക്രിസ്തുവിന്റെ ബദ്ധന്മാരാണ്.

**വാക്യങ്ങൾ 9, 10.** പ്രാധാന്യമുള്ള പ്രസ്താവനയിൽ, ഊന്നൽ കൊടുത്തിരിക്കുന്നത് ക്രിസ്തുവിന്റെ സ്വർഗാരോഹണത്തിനും, അവൻ സഭയ്ക്ക് ദാനങ്ങളെ കൊടുത്തതിനുമാണ്. ക്രിസ്തു സ്വർഗത്തിൽ നിന്നും ഇറങ്ങി വന്നത് ഭൂമിയിൽ വസിപ്പാനും, പാപികൾക്ക് വേണ്ടി മരിപ്പാനും, ഉയർത്തെഴുന്നേൽക്കുവാനുമായിരുന്നു. ഇപ്പോൾ **അവൻ** "എല്ലാറ്റിലും മീതെ" **സ്വർഗത്തിലേക്ക് കയറി പോയിരിക്കുന്നു** (1:21).

ക്രിസ്തു **ഭൂമിയുടെ അഗാധഭാഗത്തേക്ക് ഇറങ്ങി** എന്നു പറയുന്നത് അവന്റെ മരണത്തിനും ഉയർത്തെഴുന്നേൽപിനുമിടക്ക് പാതാളത്തിലേക്ക് പോയതാണ് (പ്രവൃ. 2:27), മറിച്ചുള്ള ചിന്ത പൗലൊസിന്റെ ഊന്നൽ മനസിലാക്കാത്തതാണ്. വേദഭാഗം മനസിലാക്കുവാനായി നാം അവന്റെ അവതാരത്തിനായി ഇറങ്ങി വന്നതും പെന്തെകൊസ്തുനാളിൽ ആത്മാവിൽ അവൻ വന്നതും വേർതിരിച്ചു മനസിലാക്കണം. ക്രിസ്തു ഭൂമിയിലേക്ക് ഇറങ്ങി വന്നത് മരിച്ച് ഉയർത്തെഴുന്നേറ്റ് സ്വർഗത്തിൽ കയറി സഭയ്ക്ക് ദാനങ്ങൾ നൽകുവാനായിരുന്നു എന്നതാണ് പൗലൊസിന്റെ പോയിന്റ്. "സഭയ്ക്ക് ദാനങ്ങളെ സജീവമായി നൽകുന്നവനും, സഭയുടെ പങ്ക് നിർവ്വഹിപ്പാൻ അതിനെ പ്രാപ്തമാക്കുന്നവനും സ്വർഗത്തിലേക്ക് കയറിപ്പോയ പ്രപഞ്ച കർത്താവ് തന്നെയാണ്."[7]

**സ്വർഗാധിസ്വർഗത്തിന്നു മീതെ** എന്നത് സങ്കീർത്തനങ്ങൾ 68 ലെ "ഉയരത്തിൽ" എന്നു പറഞ്ഞതിനോടു യോജിക്കുന്നു (4:8 നോക്കുക), സൂചിപ്പിക്കുന്നത് ക്രിസ്തു അന്തരീക്ഷത്തിന്റെ (പ്രപഞ്ചത്തിന്റെ) മുകളിലാണ് എന്നത്രെ. അവൻ ഇപ്പോൾ, സകല സൃഷ്ടികളുടേയും മുകളിലാണ്, അവൻ ഇപ്പോൾ "[ദൈവത്തിന്റെ] വലത്തുഭാഗത്താണ്" (1:20). ആ ഉയർത്തലാണ് **സകലവും നിറക്കുവാൻ** ക്രിസ്തുവിനെ ശക്തനാക്കിയത്. 1:22, 23 ലെ ക്രിസ്തുവിനെ ഉയർത്തി പ്രപഞ്ചത്തിന്റെ മുഴുവൻ ഭരണാധികാരിയാക്കി എന്ന വീക്ഷണത്തിൽ, അവൻ ആരോഹണം ചെയ്തത്, എല്ലാ നിലയിലും ആത്മിയ പ്രതലത്തിന്റെ മേലധികാരിയായി, സഭയുടെ രക്ഷാധികാരിയും തലയുമായിരിക്കുന്നു എന്നു വ്യക്തം.

## ക്രിസ്തു നൽകിയ ദാനങ്ങൾ
## (4:11)

**11അവൻ ചിലരെ അപ്പൊസ്തലന്മാരായും ചിലരെ പ്രവാചകന്മാരായും ചിലരെ സുവിശേഷകന്മാരായും ചിലരെ ഇടയന്മാരായും ഉപദേഷ്ടാക്കന്മാരായും നിയമിച്ചിരിക്കുന്നു.**

**വാക്യം 11.** ക്രിസ്തു ഭൂമിയിലേക്ക് ഇറങ്ങുകയും, വിജയിയായ കർത്താവായി സ്വർഗത്തിലേക്ക് കയറി, സഭയുടെ തലയായി, തന്റെ ജനത്തിനു ആവശ്യമായ ദാനങ്ങൾ നൽകുന്നു. ഈ വാക്യത്തിൽ പൗലൊസ് അത്തരം ദാനങ്ങളിൽ ചിലത് എണ്ണിയിരിക്കുന്നു.

ആദ്യം അവൻ **അപ്പൊസ്തലന്മാരെയാണ്** പറഞ്ഞിരിക്കുന്നത്. ക്രിസ്തു അവന്റെ പന്ത്രണ്ട് അപ്പൊസ്തലന്മാരെ തിരഞ്ഞെടുത്തപ്പോൾ, അവന്റെ ഉയർത്തെഴുന്നേൽപിനു സാക്ഷികളാകുന്നതടക്കം ചില യോഗ്യതകൾ അവരിൽ ഉണ്ടാകുവാനും (പ്രവൃ. 1:8, 22, 23; 1 കൊ. 9:1, 2) അത്ഭുതങ്ങൾ നടത്തുവാനും (2 കൊ. 12:12). ആ പുരുഷന്മാരെ "പരിശുദ്ധാത്മാവിനാൽ സ്നാനപ്പെടുത്തിയിരുന്നു" (പ്രവൃ. 1:5), അത് അവരെ ക്രിസ്തുവിന്റെ സന്ദേശം അറിയിക്കുവാനും അത്ഭുതങ്ങളാൽ സന്ദേശത്തെ ഉറപ്പിക്കുവാനും അവരെ പ്രാപ്തരാക്കി (പ്രവൃ. 1:8; 2:1-4; എബ്രാ. 2:3, 4). അവർക്ക് മറ്റുള്ളവരുടെ മേൽ കൈവെച്ച് അത്ഭുതവരങ്ങൾ പകർന്നു കൊടുപ്പാനും കഴിഞ്ഞിരുന്നു (പ്രവൃ. 6:6; 8:6; 2 തിമൊ. 1:6).

"അപ്പൊസ്തലൻ" (*അപോസ്തോലോസ്*) എന്നത് *അപോസ്റ്റെലോ* എന്നതിന്റെ നാമമാണ്, അത് ഒരു സംയുക്ത ക്രിയയായ *അപോ*, "ഫ്രം," എന്നതും *സ്റ്റെലോ*, "ടു സെന്റ്" എന്നുമാണ്. വെറുതെ "അവരെ അയക്കുക" എന്നതല്ല അർത്ഥമാക്കുന്നത്; അതിൽ ചുമതലപ്പെടുത്തിയ ദൗത്യവും ഉൾപ്പെടുന്നു.[8] ദൈവരാജ്യത്തിന്റെ "സുവിശേഷം" അറിയിക്കുക എന്ന ദൗത്യമാണ് ക്രിസ്തു തന്റെ അപ്പൊസ്തലന്മാർക്ക് നൽകിയത് (മത്താ. 10:7; മർ. 16:15). സഭയ്ക്ക് ക്രിസ്തു നൽകിയ ദാനങ്ങളിൽ പെട്ടതായിരുന്നു അപ്പൊസ്തലന്മാർ.

"അപ്പൊസ്തലൻ" എന്ന വാക്കിന് യേശു തിരഞ്ഞെടുത്ത പന്ത്രണ്ട് പുരുഷന്മാർക്ക് പറഞ്ഞതിനേക്കാൾ വിശാലമായ അർത്ഥമാണ് പുതിയ നിയമത്തിലുള്ളത്. യൂദാക്ക് പകരം പിന്നീട് മത്ഥിയാസിനെ തിരഞ്ഞെടുത്തിരുന്നു (പ്രവൃ. 1:12-26), പിന്നീട് തർസൊസുകാരനായ ശൗലിനെ (പൗലൊസ്) "അകാലപ്രജയായി" തിരഞ്ഞെടുത്തു (1 കൊ. 15:8). താൻ സഭയെ ഉപദ്രവിച്ചതുകൊണ്ട്, അപ്പൊസ്തലന്മാരിൽ ഏറ്റവും ചെറിയവൻ എന്നാണ് പൗലൊസ് പറഞ്ഞത്. എങ്കിലും താൻ, മറ്റു അപ്പൊസ്തലന്മാരിൽ ഒട്ടും കുറഞ്ഞവനല്ല എന്നും പറയുന്നു (1 കൊ. 15:9; 2 കൊ. 11:5; 12:11). എബ്രായർ 3:1; ഗലാത്യർ 1:19 ലും; പ്രവൃത്തികൾ 14:14 ലും-യേശു, യാക്കൊബ് (യേശുവിന്റെ സഹോദരൻ), ബർന്നബാസ് തുടങ്ങി മറ്റുള്ളവരെയും അപ്പൊസ്തലന്മാർ എന്ന ഗണത്തിൽ പറഞ്ഞിരിക്കുന്നു; എന്നാൽ അവർ അപ്പൊസ്തലന്മാരുടെ എണ്ണത്തിൽ ഉൾപ്പെടുത്തിയ മത്ഥിയാസിൽനിന്നു വ്യത്യസ്തരായിരുന്നു. അപ്പൊസ്തലന്മാർക്ക് പിന്തുടർച്ചാവകാശികളുള്ളതായി ഒരു തെളിവുമില്ല. അവർക്ക് ശേഷം ഉയർത്തെഴുന്നേൽപിനു സാക്ഷികളാകുവാൻ യോഗ്യരായ ആരുമില്ല. അപ്പൊസ്തലന്മാരുടെ ദൗത്യം അവർ എന്നേക്കുമായി പൂർത്തിയാക്കി. ഒന്നാം നൂറ്റാണ്ടിൽ ക്രിസ്തുവിന്റെ അപ്പൊസ്തലന്മാരായി പ്രവർത്തിച്ചവരുടെ പ്രത്യേക പ്രവർത്തനങ്ങൾ എന്നേക്കുമായി അംഗീകരിക്കപ്പെട്ടു കഴിഞ്ഞു (മത്താ. 19:28; വെളി. 21:14).

ദൈവീകമായ സന്ദേശം സംസാരിച്ചവരായിരുന്നു പുതിയ നിയമ **പ്രവാചകന്മാർ.**[9] "പ്രവാചകൻ" എന്നതിന്റെ ഗ്രീക്ക് വാക്ക് (*പ്രൊഫെറ്റസ്*). "സംസാരിക്കുന്നവൻ" അല്ലെങ്കിൽ "സന്ദേശം അറിയിക്കുന്നയാൾ."[10] പുതിയ നിയമ പ്രവാചകന്മാരുടെ കാര്യത്തിൽ, "ദൈവത്തിനു വേണ്ടി സംസാരിക്കുക"

എന്നാണ് അർത്ഥം. പ്രവാചകന്മാർ ഭാവിയെക്കുറിച്ചു പ്രവചിക്കുമെങ്കിലും, അവരുടെ മുഖ്യ പ്രവൃത്തി ദൈവേഷ്ടം അറിയിക്കുക എന്നതായിരുന്നു. ഏതാനും ആളുകളെ പുതിയ നിയമത്തിൽ പ്രവാചകന്മാരായി നിയമിച്ചിരുന്നു: അഗബോസ് (പ്രവൃ 11:27, 28; 21:10, 11), അന്ത്യോക്യയിൽ ചില പ്രവാചകന്മാരുണ്ടായിരുന്നു (പ്രവൃ. 13:1), യൂദയും ശീലാസും (പ്രവൃ. 15:32), ഫിലിപ്പോസിന്റെ നാല് പുത്രിമാർ (പ്രവൃ 21:9). അപ്പൊസ്തലന്മാരെ ക്രിസ്തു തിരഞ്ഞെടുത്തിരുന്നു, എന്നാൽ പുതിയ നിയമ സഭയിൽ പ്രവാചകനെ എങ്ങനെ തിരഞ്ഞെടുത്തു എന്ന് പ്രത്യേകമായി പറഞ്ഞിട്ടില്ല.

പ്രവചനം റോമർ 12 ലും, 1 കൊരിന്ത്യർ 12 ലും ആത്മീയ വരങ്ങളിൽ ഉൾപ്പെടുത്തി പറഞ്ഞിരിക്കയാലും, ആ വരങ്ങൾ അപ്പൊസ്തലൻമാരുടെ കൈവെപ്പിനാൽ ലഭിച്ചിരുന്നതിനാലും (4:7 ന്റെ പരാമർശം നോക്കുക), പുതിയ നിയമ പ്രവാചകന്മാരെ "ആത്മീക വർദ്ധനവിനും, പ്രബോധനത്തിനും, ആശ്വാസത്തിനും" പ്രാദേശിക സഭയിൽ അപ്പൊസ്തലന്മാരാൽ തിരഞ്ഞെടുത്തവരായിരുന്നു (1 കൊ. 14:3). പ്രവചന വരം ഉണ്ടായിരുന്നവർക്ക് സന്ദേശം ലഭിച്ചത് വ്യക്തിപരമായ പഠനത്താലോ, മറ്റുള്ളവരിൽ നിന്ന് കേട്ടതിനാലോ ആയിരുന്നില്ല. മറിച്ച്, പരിശുദ്ധാത്മ നിയോഗത്താലായിരുന്നു. ദൈവത്തിന്റെ വെളിപ്പാട് അറിയിക്കുവാൻ, പ്രാരംഭ സഭയിൽ ക്രിസ്തു നൽകിയ ദാനമായിരുന്നു പ്രവാചകന്മാർ.

അപ്പൊസ്തലന്മാരെ പോലെ, പ്രവാചകന്മാരും തങ്ങളുടെ സന്ദേശം ദൈവത്തിന്റെതാണെന്ന് ഉറപ്പിക്കുവാൻ ദൈവത്തിന്റെ ശക്തി ഉപയോഗിച്ചിരുന്നു. പുതിയ നിയമം എഴുതി തീരുന്നതു വരെ സഭയുടെ വളർച്ചക്കും വികസനത്തിനും ക്രിസ്തു നൽകിയ ദാനമായിരുന്നു അവർ. അതുവരെ അപ്പോസ്തലന്മാരും പ്രവാചകന്മാരും ദൈവശ്വാസീയതയാൽ ദൈവ സന്ദേശം അറിയിച്ചു കൊണ്ടിരുന്നു. അവർ അറിയിച്ച സന്ദേശമായിരുന്നു ക്രിസ്തുവിന്റെ സഭയുടെ അടിസ്ഥാനം (2:20; 3:5 നോക്കുക.). ഒരിക്കൽ പുതിയ നിയമം മുഴുവനായി ലഭിച്ചുകഴിഞ്ഞാൽ, ആ ശ്വാസിയരായ ആളുകളുടെ ആവശ്യം നിന്നു പോകുന്നു, കാരണം ശ്വാസീയരായവരുടെ സന്ദേശം ശ്വാസീയ പുസ്തകത്തിൽ എഴുതി സ്ഥിരമാക്കിയിരിക്കുന്നു.

**സുവിശേഷകൻ** എന്ന് പറഞ്ഞത് "സുവാർത്താ സന്ദേശ വാഹകൻ, സുവിശേഷം പ്രഖ്യാപിക്കുന്ന ആൾ."[11] "സുവിശേഷം" എന്നതിന്റെ ഗ്രീക്ക് വാക്ക് (*എയുആഞ്ചലിയോൺ*), ക്രിസ്തുമുഖാന്തരമുള്ള രക്ഷ "സുവിശേഷം."[12] ഈ സന്ദേശം (*എയുആഞ്ചലിസോ*) പ്രഖ്യാപിക്കുക എന്നതായിരുന്നു സുവിശേഷകന്റെ ദൗത്യം. പുതിയ നിയമത്തിൽ, ഫിലിപ്പോസിനെ "സുവിശേഷകൻ" എന്നാണ് വിളിച്ചത് (പ്രവൃ. 21:8), തിമൊഥെയോസിനോട് "ഒരു സുവിശേഷകന്റെ വേല ചെയ്യുക" എന്നാണ് പറഞ്ഞത് (2 തിമൊ. 4:5). ഈ ആളുകൾക്ക് അപ്പൊസ്തലന്മാരുടെ കൈ വെപ്പിനാൽ ആത്മീയ വരങ്ങൾ ലഭിച്ചിരുന്നു എങ്കിലും (പ്രവൃ. 6:5, 6; 8:6; 2 തിമൊ. 1:6), ആ വരങ്ങൾ സുവിശേഷ വേലയിൽ നൈസർഗ്ഗികമായിരുന്നില്ല. ഒന്നാം നൂറ്റാണ്ട് മുതൽ ഇന്നുവരെ, ക്രിസ്തുവിന്റെ സുവിശേഷം പ്രഖ്യാപിക്കുക എന്നതായിരുന്നു സഭയുടെ മുഖ്യമായ ദൗത്യം. ഒന്നാം നൂറ്റാണ്ടിലെ സുവിശേഷകന്മാർക്ക് തങ്ങളുടെ ദൗത്യ നിർവ്വഹണത്തിന് ആത്മീക വരങ്ങൾ നൽകിയിരുന്നു. ഇന്ന്, സുവിശേഷകന്മാർക്ക് ഒരു പ്രത്യേക പുസ്തകമായ ശ്വാസീയ പുതിയ നിയമം നൽകിയിരിക്കുന്നു, അതിൽ നിന്നാണ് അവർ സുവാർത്താ പ്രസംഗം നടത്തേണ്ടത്.

പ്രാദേശിക സഭയിൽ പ്രവർത്തിച്ച സുവിശേഷകന്മാർ, പൗലൊസിന്റെ നിർദ്ദേശമനുസരിച്ച് തിമൊഥെയോസ് എഫെസൊസ് സഭയെ സഹായിച്ചതുപോലെ ഇന്നു പ്രവർത്തിക്കുവാൻ ശ്രമിക്കണം (1 തിമൊ. 1:3, 4). അവരുടെ പ്രവൃത്തികൾ അധികവും സുവിശേഷം അറിയിക്കുകയും സഭകൾ ആരംഭിക്കുകയും ചെയ്യുക എന്നതാണ് (പ്രവൃ. 8:5-12). അപ്പൊസ്തലന്മാർ എല്ലാ സഭകളിലും പ്രവർത്തിച്ചിരുന്നു എന്ന് നമുക്ക് തീർച്ചയാക്കാം (2 കൊ. 11:28). പ്രവാചകന്മാർ സഭക്കുള്ളിലാണ് പ്രവർത്തിച്ചിരുന്നത് (1 കൊ. 12; 14), സുവിശേഷകന്മാർ പുതിയ ഇടവകകൾ ആരംഭിക്കുകയും പോഷിപ്പിച്ചു വളർത്തുകയും ചെയ്യണം (തീത്തൊ. 1:5).

**ഇടയന്മാർ** എന്നത് തർജ്ജിമ ചെയ്തിരിക്കുന്നത് *പോയിമെൻ*, ആർത്ഥം "ഇടയൻ." ഒരു കൂലിക്കാരൻ ആടുകൾക്ക് ഭീഷണി നേരിടുമ്പോൾ ഓടിപ്പോകും, എന്നാൽ ഒരു യഥാർത്ഥ ഇടയൻ വേണ്ടിവന്നാൽ ആടുകൾക്കു വേണ്ടി ജീവൻ പോലും നൽകും (യോഹ. 10:11-13). ഒരു യഥാർത്ഥ ഇടയന്റെ കരുതൽ ആടുകൾക്ക് തീറ്റ കൊടുക്കുന്നതിനപ്പുറമുള്ളതാണ്. സഭയിലെ അദ്ധ്യക്ഷന്മാരെ കുറിച്ച് പറയുമ്പോൾ മുന്ന് പ്രത്യേക വാക്കുകളാലാണ് അവരെ വിളിച്ചിരിക്കുന്നത്. "ഇടയൻമാർ," "മുപ്പന്മാർ," "അദ്ധ്യക്ഷന്മാർ" എന്നിവയാണ് ആ പേരുകൾ. പൗലൊസ് എഫെസോസിലെ "സഭയിലെ മുപ്പന്മാരെ" കണ്ടതായി പറഞ്ഞപ്പോൾ ആ മൂന്നു വാക്കുകളും ഉപയോഗിച്ചിരുന്നു. (പ്രവൃ. 20:17, 28). "മൂപ്പന്മാർ" എന്നത് തർജ്ജിമ ചെയ്തിരിക്കുന്നത്, പ്രെസ്ബുറ്റെറൊസ്, അർത്ഥം "പ്രായമുള്ളവരുടെ യോഗം."[13] സഭയെ സംബന്ധിച്ച്, ആ വാക്കിന്റെ അർത്ഥം പുതിയ ശിഷ്യന്മാർ എന്നല്ല, മറിച്ച് വിശ്വാസത്തിൽ കൂടുതൽ പക്വത എന്നതാണ് (1 തിമൊ. 3:6). എഫെസോസിലെ സഭയുടെ മൂപ്പന്മാരോട് പൗലൊസ് പറഞ്ഞു, "പരിശുദ്ധാത്മാവ് നിങ്ങളെ മേയ്പാൻ അദ്ധ്യക്ഷരാക്കി വെച്ച കൂട്ടത്തെ മുഴുവനെയും സൂക്ഷിച്ചു കൊൾവിൻ" (പ്രവൃ. 20:28). "മേയ്ക്കുന്നവർ" എന്നത് തർജ്ജിമ ചെയ്തതിന്റെ (എപ്പിസ്കൊപ്പൊസ്) അർത്ഥം മൂപ്പന്മാരുടെ പ്രവൃത്തി, ആട്ടിൻ കൂട്ടത്തെ പോലെ മേയ്ക്കുക എന്നാണ്. പ്രവൃത്തികൾ 20:28-ൽ പൗലൊസ് തുടർന്നു പറയുന്നത് മൂപ്പന്മാർ, അഥവാ മേയ്ക്കുന്നവർ "ദൈവത്തിന്റെ സഭയിലെ ഇടയന്മാർ" ആയിരുന്നു എന്നാണ്. ആ വിവരണം നമ്മെ എഫേസ്യർ 4 ലേക്ക് തിരിച്ചു കൊണ്ടു വരുന്നു: "ഇടയന്മാർ" "മേയ്ക്കുന്നവർ" "മൂപ്പന്മാർ."

ഓരോ സഭയിലും മൂപ്പന്മാരെ നിയമിച്ചിരുന്നതായി പുതിയ നിയമം പറയുന്നു (പ്രവൃ. 14:23). ഓരോ ഇടവകയിലും ഒന്നിലധികം മൂപ്പന്മാരാണുണ്ടായിരുന്നത് അവർക്ക് പ്രത്യേക യോഗ്യതകളും ഉണ്ടായിരുന്നു (1 തിമൊ. 3:1-7; തിത്തൊ. 1:5-9). സഭ പക്വതയാർജിക്കുന്നതോടുകൂടി, അത് സ്വാശ്രയത്തിലെത്തി മൂപ്പന്മാരുടെ നേതൃത്വത്തിൽ പ്രവൃത്തിക്കുക എന്നതായിരുന്നു ദൈവത്തിന്റെ പദ്ധതി. പുതിയ നിയമ പ്രാദേശിക ഇടവക്ക് ഇടവകയെക്കാൾ വലിയ ഒരു സംഘടന ഭൂമിയിൽ സഭക്ക് ഇല്ലായിരുന്നു. അവരുടെ പൊതുവായ ഉദ്ദേശങ്ങൾക്ക് ഇടവകകൾ ഒരുമിച്ചു പ്രവർത്തിച്ചിരുന്നു (2 കൊ. 8; 9), എന്നാൽ അവരുടെ സ്വാതന്ത്ര്യം നിലനിർത്തിയിരുന്നു. അവരുടെ പ്രവൃത്തിയിൽ സഭക്കു വേണ്ട ആവശ്യങ്ങൾ നടത്തിക്കൊടുപ്പാൻ എല്ലാക്കാലത്തേക്കുമായി ക്രിസ്തുവിന്റെ ദാനങ്ങളായ "ഇടയൻമാർ," "മേയ്ക്കുന്നവർ" "മൂപ്പന്മാർ" എന്നിവരെ നൽകിയിരുന്നു.

"അപ്പൊസ്തലന്മാർ," "പ്രവാചകന്മാർ," "സുവിശേഷകന്മാർ," "ഇടയ

ന്മാർ," എന്നിവയുടെ ഗ്രീക്കു വാക്കുകളിൽ നിന്നും വ്യത്യസ്തമായി **ഉപദേഷ്ടാക്കന്മാർ** എന്ന വാക്കിനു മുമ്പ് ആർട്ടിക്കിളില്ല. ചില വ്യാഖ്യാതാക്കൾ വിശ്വസിക്കുന്നത് "ഇടയന്മാർ" എന്നും "ഉപദേഷ്ടാക്കന്മാർ" എന്നും പറയുന്നത് ഒരേ ആളുകൾ തന്നെ ആണ് എന്നത്രേ, അതിന്റെ തർജ്ജിമ "ഇടയ ഉപദേഷ്ടാക്കന്മാർ" എന്ന് ആണ് വരേണ്ടതെന്നും അവർ പറയുന്നു. ആ രണ്ടു പ്രവൃത്തികളും സഭയിൽ വളരെ അടുത്ത് ബന്ധപ്പെട്ടിരിക്കുന്നു, അതുകൊണ്ടായിരിക്കാം അതിനു രണ്ടിനും ഒരു ആർട്ടിക്കിൾ ഉപയോഗിച്ചിരിക്കുന്നത്.[14] എല്ലാ ഇടയന്മാരും ഉപദേഷ്ടാക്കന്മാരാണ് (1 തിമൊ. 3:2), എന്നാൽ എല്ലാ ഉപദേഷ്ടാക്കന്മാരും ഇടയന്മാരായിരുന്നില്ല എന്നാണ് സൂചന.

ദൈവവചനത്തിൽ ഉപദേശിക്കുന്ന ആളായിരുന്നു "ഉപദേഷ്ടാവ്" (പ്രവൃ. 18:11). ഗ്രീക്ക് വാക്ക് *ഡിഡാസ്കലോസ്* പുതിയ നിയമത്തിൽ സ്ഥിരമായി വിവിധ രൂപത്തിൽ ഉപയോഗിച്ചിരിക്കുന്നതാണ്. വിശ്വസ്തരായ ആളുകളെ ഉപദേശിക്കുവാൻ വിശ്വസ്തരായ ആളുകളെ ഉപയോഗിക്കുക എന്നതായിരുന്നു ദൈവത്തിന്റെ പദ്ധതി (2 തിമൊ. 2:2). എല്ലാ ഉപദേഷ്ടാക്കന്മാരും ഒരേ ഉപദേശം തന്നെ അവതരിപ്പിക്കണം (1 കൊ. 4:17; 1 തിമൊ. 1:3), ദുരുപദേഷ്ടാക്കന്മാരെക്കുറിച്ചു മുന്നറിയിപ്പു നൽകിയിരിക്കുന്നു (2 പത്രൊ. 2:1). ഉപദേശം ഗൗരവമുള്ള ഉത്തരവാദിത്വമായതിനാൽ, യാക്കൊബ് പറഞ്ഞു, "നിങ്ങളിൽ അനേകർ ഉപദേഷ്ടാക്കന്മാർ ആകരുത്" (യാക്കൊ. 3:1). ഉപദേശത്തിൽ കല്പനകൾ, പ്രബോധനം, ആത്മീക വർദ്ധനവ്, നിർദ്ദേശം എന്നിവ ഉൾപ്പെടും (റോമർ 2:18; കൊലൊ. 3:16; 1 തിമൊ. 4:11; 6:2).

ഉപദേശം ആത്മീക വരങ്ങളിൽ പെടുന്നതാകയാൽ (1 കൊ. 12:28, 29), വെളിപ്പാടിന്റെയും പ്രഖ്യാപനത്തിന്റെയും അത്ഭുത മുലകം അടങ്ങിയിരിക്കുന്നു. എങ്ങനെയായാലും, പ്രാരംഭസഭയിലെ ഉപദേഷ്ടാക്കന്മാർ, അവർക്ക് ആത്മീയ വരങ്ങൾ ഉണ്ടായിരുന്നാലും ഇല്ലെങ്കിലും അവർ പഠിച്ചതും നിശ്ചയം പ്രാപിച്ചതുമനുസരിച്ചായിരുന്നു ഉപദേശിച്ചിരുന്നത്.[15] അവർ തങ്ങളുടെ ജീവിതത്തിൽ സുവിശേഷ പ്രകാരം ജീവിക്കയും ക്രിസ്തുവിൽ അവർ ആസ്വദിച്ചത് മറ്റുള്ള ക്രിസ്ത്യാനികളോട് അറിയിക്കയും ചെയ്തിരുന്നു (4:17-32). ഉപദേഷ്ടാക്കന്മാർ ക്രിസ്തു സഭക്കു നൽകിയ ദാനമായിരുന്നു. കാരണം വെളിപ്പെടുത്തിയ ദൈവേഷ്ടമാണ് ക്രിസ്ത്യാനിയുടെ വളർച്ചക്ക് ആവശ്യമായത് (1 പത്രൊ. 2:2).

## ക്രിസ്തു നൽകുന്ന ദാനങ്ങളുടെ ഉദ്ദേശം (4:12)

**[12]അതു നാം എല്ലാവരും വിശ്വാസത്തിലും ദൈവപുത്രനെക്കുറിച്ചുള്ള പരിജ്ഞാനത്തിലുമുള്ള ഐക്യതയും തികഞ്ഞ പുരുഷത്വവും ക്രിസ്തുവിന്റെ സമ്പൂർണതയായ പ്രായത്തിന്റെ അളവും.**

**വാക്യം 12.** അടുത്തത് ക്രിസ്തു സഭക്ക് നൽകുന്നതായ ദാനങ്ങളുടെ കാരണമാണ് പൗലൊസ് പറയുന്നത്. എൻഎഎസ്ബി ആ ദാനങ്ങളുടെ രണ്ടു കാരണങ്ങൾ വ്യക്തമാക്കുന്നു, എന്നാൽ ഗ്രീക്ക് വേദഭാഗം മൂന്നു കാരണങ്ങളെയാണ് അവതരിപ്പിക്കുന്നത്. ആ വാക്ക് ആരംഭിക്കുന്നത് (*പ്രോസ്*, "കാരണം"), എന്നാൽ അടുത്ത രണ്ട് പ്രയോഗങ്ങൾ ആരംഭിക്കുന്നത് (*എയിസ്*, "ങ്കലേക്ക്" അല്ലെങ്കിൽ "ന്"). ഈ വസ്തുത കാരണമായിരിക്കാം

എൻഏഎസ്ബിയുടെ തർജ്ജിമക്കാർ രണ്ടു എയിസോടുകൂടെ ഒരു *പ്രോസ്* ഉപയോഗിച്ചതിനു പ്രാധാന്യമില്ലെങ്കിലും, ദാനങ്ങളെ രണ്ടാക്കി ചുരുക്കിയത്. റോമർ 3:25, 26-ൽ, പൗലൊസ് നീതിയെ കുറിച്ച് പറയുവാൻ ഒരു വാക്യത്തിൽ *എയിസ്* എന്നും അടുത്ത വാക്യത്തിൽ *പ്രോസ്* എന്നുമാണ് പറഞ്ഞത്. വാക്യം 12 ലെ വിഭക്തി മാറ്റം മൂന്നു വിഭക്തിയുടെ ശൈലിയുടെ വ്യത്യാസം, ദാനങ്ങളുടെ ഉദ്ദേശത്തെ വ്യക്തമാക്കുവാനായിരിക്കാം.

ആദ്യമായി ക്രിസ്തുവിന്റെ ദാനങ്ങൾ വിശുദ്ധന്മാരുടെ **യഥാസ്ഥാനത്തിനാണ്.** "പണിയൽ" എന്നതിന്റെ ഗ്രീക്ക് നാമം *കാറ്റാർടിസ്മോസ്* ആണ്, അത് പുതിയനിയമത്തിൽ ഇവിടെ മാത്രമാണുള്ളത്, അർത്ഥം, "മുഴുവനായും തയ്യാറാക്കുന്ന പ്രവൃത്തി, തികഞ്ഞ പക്വതക്കായി ഒരുക്കുക."[16] അതിന്റെ ക്രിയാരൂപം പൗലൊസിന്റെ എഴുത്തുകളിൽ പല ഭാഗത്തും കാണാം. ഈ വാക്യത്തിൽ അർത്ഥമാക്കുന്നത്, സഭയിലെ അംഗങ്ങളെ ദൈവ വഴിയിൽ പരിശീലിപ്പിച്ച്, വളർത്തുന്നതിനാണ് ക്രിസ്തുവിന്റെ ദാനങ്ങൾ സഭയ്ക്ക് നൽകിയിരിക്കുന്നത്.

ശുശ്രൂഷയുടെ വേലക്കായി എന്നതാണ് രണ്ടാമത്തെ വിഭക്തി ശൈലി പൗലൊസ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. സഭാ നേതൃത്വത്തിലായിരിക്കുന്നവർ സഭയെ സഹായിക്കുന്ന ദാസന്മാരെ കൊണ്ട് നിറക്കണമെന്നാണ് അവൻ പറയുന്നത്. ആ ശുശ്രൂഷക്കായി ഉപയോഗിച്ചിരിക്കുന്നത് *ഡയാക്കോണിയ* എന്ന വാക്കാണ്, അത് പുതിയ നിയമത്തിൽ പല രീതിയിൽ ഉപയോഗിച്ചിട്ടുണ്ട്. അത് പൗലൊസിന്റെ ശുശ്രൂഷയെ ഉദ്ദേശിച്ചും (2 കൊ. 3:8, 9; 4:1), അവന്റെ സഹപ്രവർത്തകരുടെ വേലയെ ഉദ്ദേശിച്ചും (1 കൊ. 16:15), അർക്കിപ്പാസിനും (കൊലൊ. 4:17), തിമൊഥെയൊസിന്റെ ശുശ്രൂഷക്കും ഉപയോഗിച്ചിരിക്കുന്നു (2 തിമൊ. 4:5). മർക്കൊസ് 10:43-ൽ പറയുന്ന "ദാസനാണ്" ദൈവരാജ്യത്തിൽ ഏറ്റവും വലിയവൻ. അതേ വാക്ക് തന്നെയാണ് ഒരു ഗവൺമെന്റ് ഉദ്യോഗസ്ഥനെ "മിനിസ്റ്റർ" എന്നു വിളിക്കുന്നത് (റോമർ 13:4), സഭയിലെ ഒരു ശുശ്രൂഷകനും അതേ വാക്കിനാലാണ് അറിയപ്പെടുന്നത് (1 തിമൊ. 3:8). ഒന്നാം-നൂറ്റാണ്ടിലെ സഭയുടെ മുഖ്യ സ്വഭാവം സേവനമായിരുന്നു. ആ "ശുശ്രൂഷയുടെ വേലക്കായിരുന്നു" ക്രിസ്തു സഭക്ക് ദാനങ്ങൾ നൽകിയത്.

സഭയ്ക്ക് ക്രിസ്തു നൽകിയ ദാനങ്ങളുടെ ഉദ്ദേശത്തെ വിവരിക്കുന്ന മൂന്നാമത്തെ വിഭക്തി ശൈലിയാണ് **ക്രിസ്തുവിന്റെ ശരീരം പണിയുക** എന്നത്. "പണിയുക" എന്നതിന്റെ ഗ്രീക്ക് വാക്ക് (*ഓയികോഡൊമേ*) രൂപകാലങ്കാരമായി പറയുന്നത് "ഒരു വീട് പണിയുക" എന്നാണ്.[17] ഇവിടെ ഉപയോഗിച്ചിരിക്കുന്നതുപോലെ, അർത്ഥം "ആത്മികവർദ്ധനവു വരുത്തുക"[18] എന്നാണ്. ക്രിസ്തുവിന്റെ ശരീരമായ സഭയിലെ അംഗങ്ങളുടെ ആത്മിക വളർച്ചക്കാണ് ക്രിസ്തു ദാനങ്ങളെ സഭയ്ക്ക് നൽകിയിരിക്കുന്നത് (1:22, 23 നോക്കുക).

സഭ ആരംഭിച്ച ആദ്യ ദശകത്തിൽ, അപ്പൊസ്തലന്മാരുടേയും, പ്രവാചകന്മാരുടേയും, സുവിശേഷകന്മാരുടേയും, ഇടയന്മാരുടേയും, ഉപദേഷ്ടാക്കന്മാരുടേയും പ്രവർത്തനത്താൽ ക്രിസ്തു, സഭ ശരിയായി പ്രവർത്തിക്കുവാൻ പ്രാപ്തമാക്കി. പുതിയനിയമം പൂർണ്ണമായി എഴുതപ്പെട്ട് അംഗീകരിക്കുന്നതുവരെ (ശ്വാസിയമായി വെളിപ്പെടുത്തിയ സന്ദേശം ഉറപ്പിക്കുവാൻ അത്ഭുത മൂലകം അനിവാര്യമായിരുന്നു), അങ്ങനെ അത് സ്ഥിരീകരിക്കപ്പെട്ടു (കൂടുതൽ പഠനത്തിന്: "ദ കാനൻ" നോക്കുക). ഇന്ന്, കൂടുതൽ വെളിപ്പാടോ, അത്ഭുതകരമായ ഉറപ്പിക്കലോ ആവശ്യമില്ല, കാരണം ഇപ്പോൾ നമുക്ക്, അവസാനത്തേതും,

പൂർത്തിയാക്കിയതും, ആധികാരികവുമായ ദൈവശ്വാസിയ വചനം ഉണ്ട് (2 തിമൊ. 3:16, 17; 1 പത്രൊ. 4:11; യൂദാ. 3).

## ക്രിസ്തു നൽകിയ ദാനങ്ങളുടെ ലക്ഷ്യം (4:13-16)

### ശൈശവ സഭയെ പക്വതയിലെത്തിക്കൽ (4:13)

**[13]എല്ലാവരും വിശ്വാസത്തിലും ദൈവപുത്രനെ കുറിച്ചുള്ള പരിജ്ഞാനത്തിലുമുള്ള ഐക്യതയും തികഞ്ഞ പുരുഷത്വവും ക്രിസ്തുവിന്റെ സമ്പൂർണ്ണതയായ പ്രായത്തിന്റെ അളവും പ്രാപിക്കുവോളം വിശുദ്ധന്മാരുടെ യഥാസ്ഥാനത്വത്തിനായുള്ള ശുശ്രൂഷയുടെ വേലക്കുംക്രിസ്തുവിന്റെ ശരീരത്തിന്റെ ആത്മിക വർദ്ധനെക്കും ആകുന്നു.**

**വാക്യം 13. നാം വിശ്വാസത്തിൽ ഐക്യത കൈവരിക്കുന്നതുവരെ,** ശരീരത്തെ പണിയുവാനുള്ള ശുശ്രൂഷയുടെ വേല നാം വിശുദ്ധന്മാരുടെ യഥാസ്ഥാനത്തിനായി തുടർച്ചയായി ചെയ്യണം. "വരെ" എന്ന വിഭക്തി പരിധി അല്ലെങ്കിൽ സമയത്തെയാണ് കാണിക്കുന്നത്, എത്ര കാലം ക്രിസ്തുവിന്റെ ദാനമായ അത്ഭുത മൂലകം ഉണ്ടാകുമെന്നാണ് സൂചിപ്പിക്കുന്നത്. ദൈവശ്വാസിയ പുരുഷന്മാർ അതിന്റെ ഉദ്ദേശം നിവർത്തീകരിച്ചുകഴിഞ്ഞാൽ പിന്നെ ആ ദാനം നിന്നുപോകും. പ്രത്യേക ഉദ്ദേശത്തിനായി എപ്പോഴും സഭയിൽനിന്ന് അയക്കുന്നവരുണ്ടാകും. പ്രവാചകന്മാരുടെ ശക്തിയോടും വാഞ്ഛയോടും പ്രസ്താവിക്കുന്നവർ സഭയ്ക്ക് ആവശ്യമാണ്, പക്ഷെ പ്രവചന വരം ഉണ്ടായിരുന്നവരുടെ കാലം കഴിഞ്ഞുപോയി. സഭയ്ക്കകത്തും വയൽ പ്രദേശത്തും വചനം പ്രസംഗിക്കുവാൻ സുവിശേഷകന്മാർ സഭയിൽ എപ്പോഴും ഉണ്ടാകും, എന്നാൽ അവരുടെ സന്ദേശം വരേണ്ടത് പൂർത്തിയാക്കിയ വചനത്തിൽനിന്നു പഠിച്ചിട്ടായിരിക്കണം. പ്രാദേശിക സഭയിൽ മേയ്ക്കുവാനായി എപ്പോഴും ഇടയന്മാർ ആവശ്യമാണ്. പക്ഷെ അത് തിരുവെഴുത്തിൽ പറയുന്ന യോഗ്യതകൾ ഉള്ളവരെ ആണ് നിയമിക്കേണ്ടത്. അവർ ഉപദേശിക്കേണ്ടത് വെളിപ്പെടുത്തിയ ദൈവശ്വാസിയ വചനത്തിൽനിന്നായിരിക്കണം. സഭ ശൈശവ ദിശയിലായിരുന്നപ്പോൾ, പുതിയനിയമം പൂർണ്ണമായി എഴുതി തീരാതിരുന്നപ്പോൾ, സഭയ്ക്ക് അത്ഭുത വരങ്ങൾ ആവശ്യമായിരുന്നു എന്നാണ് പൗലൊസ് പറഞ്ഞത്. സഭ വളർന്ന് പക്വതയിലെത്തിയപ്പോൾ, ദൈവത്തിന്റെ പൂർണ്ണമായ വെളിപ്പാട് ലഭിച്ചുകഴിഞ്ഞപ്പോൾ, അത്ഭുതവരങ്ങൾ നിന്നുപോകും എന്നർത്ഥം.

മൂന്നു തരത്തിലായിരുന്നു ശൈശവ സഭ ഐക്യതയിൽ തികഞ്ഞു വരേണ്ടിയിരുന്നത്. ആദ്യം അംഗങ്ങൾ "വിശ്വാസ ഐക്യതയിലെത്തണം." "വിശ്വാസത്താൽ" (*പിസ്റ്റിസ്*) എന്നതിന് പൗലൊസ് അർത്ഥമാക്കിയത്, "ഒരിക്കൽ എന്നേക്കുമായി, വിശുദ്ധന്മാർക്ക് ഭരമേൽപിച്ച വിശ്വാസമാണ്" (യൂദാ. 3). അതായത്, ക്രിസ്തീയ മതം. നാമത്തിന് മുൻപ് ആർട്ടിക്കിൾ ഉപയോഗിച്ചുകൊണ്ടാണ് പുതിയനിയമത്തിൽ "വിശ്വാസം" പലപ്പോഴും ഉപയോഗിച്ചിട്ടുള്ളത് (പ്രവൃ. 6:7; 13:8; 14:22; ഗലാ. 1:23; 6:10). ഫിലിപ്പിയർ 1:27-ൽ, "വിശ്വാസം" "സുവിശേഷം" ആയിട്ടാണ് പൗലൊസ് തിരിച്ചറിയിച്ചത്. പുതിയ നിയമം പൂർണ്ണമായി എഴുതി വെളിപ്പെടുത്തി കഴിഞ്ഞപ്പോൾ, സഭയ്ക്കുള്ള സന്ദേശം

ലഭിച്ചു കഴിഞ്ഞതിനാൽ, സഭ ഏകീഭവിച്ചു, അതിനാൽ, "വിശ്വാസ ഐക്യം" കൈവരിച്ചു.

**ദൈവപുത്രനെ കുറിച്ചുള്ള പരിജ്ഞാനത്തിലും** സഭ ഐകമത്യപ്പെടണം. വീണ്ടും, ക്രിസ്തുവിനെ കുറിച്ചു സഭ അറിയേണ്ടതെല്ലാം പൂർത്തിയാക്കിയ പുതിയനിയമത്തിൽ രേഖപ്പെടുത്തിയിരിക്കയാണ്. പുതിയ നിയമം എഴുതി പൂർത്തിയാക്കിയതു മുതൽ "വിശ്വാസവും" "പരിജ്ഞാനവും" വെളിപ്പെടുത്തി കഴിഞ്ഞിരിക്കയാണ്.

തികഞ്ഞ പുരുഷത്വം എന്ന വാക്കുകളിൽ, സഭയുടെ ഐക്യത കൈവരിക്കുന്നത് സംബന്ധിച്ച് കാണാം. "പക്വത" (*ടെലെയിയോസ്*), അർത്ഥം "തികഞ്ഞ" അല്ലെങ്കിൽ "പൂർണ്ണമായ"[19] എന്നാണ്. കൂടാതെ, *ടെലെയിയോൺ* പറയുന്നത് "പ്രായപൂർത്തിയായ ... കൊച്ചു കുട്ടികൾക്ക് എതിരായി പൂർണ്ണ-വളർച്ചയെത്തിയ" എന്നാണ്; പക്ഷെ അത് "പാപമില്ലാത്ത" (*അനാമർടെടോസ്*) പൂർണ്ണത ആണെന്ന് കരുതരുത്.[20] ഇവിടെ പൗലൊസ് ചിന്തിച്ചത് സഭയിലെ വ്യക്തികളായ അംഗങ്ങളെ കുറിച്ചല്ല, പിന്നെയോ സാർവ്വലൗകികമായ സഭയെ കുറിച്ചാണ്. അവൻ മുൻപ് പറഞ്ഞത്, "നാം എല്ലാം" എന്നാണ്-അതായത്, മൊത്തത്തിലുള്ള സഭ, ദൈവത്തിൽനിന്നു ലഭിച്ച വെളിപ്പാട് എല്ലാം എഴുതി കഴിഞ്ഞതിനാൽ, ഇനി അത്ഭുത വരങ്ങളുടെ ആവശ്യമില്ല.

**ക്രിസ്തുവിന്റെ സമ്പൂർണ്ണതയായ പ്രായത്തിന്റെ അളവും പ്രാപിക്കുവോളം** എന്നു പറഞ്ഞിരിക്കുന്നത് "തികഞ്ഞ പുരുഷത്വം" ആണ്. സഭയെ "ഒരു പുതു മനുഷ്യനായി" 2:15-ൽ പൗലൊസ് പറഞ്ഞിരിക്കുന്നു, അത് 1:23-ൽ പറഞ്ഞ ക്രിസ്തുവിന്റെ "നിറവാണ്." സഭയ്ക്ക് ആവശ്യമായ പൂർണ്ണമായ വെളിപ്പാട് കിട്ടിയപ്പോൾ, അത് പക്വത പ്രാപിച്ച് "വളരുന്നു." അങ്ങനെ സഭ "ക്രിസ്തുവിന്റെ നിറവിനാൽ" നിറയുന്നു. ആ "നിറവ്" ദൈവപദ്ധതിയിൽ ആരംഭം മുഴുവൻ ഉണ്ടായിരുന്നു (1:23; 3:11 നോക്കുക). സഭയ്ക്ക് പൂർണ്ണമായ പുതിയനിയമ വെളിപ്പാട് ലഭിക്കുകയും, അത്ഭുത വരങ്ങൾ ആവശ്യമില്ലാതിരിക്കുകയും ചെയ്തപ്പോൾ, അത് പക്വതയിലും പ്രായത്തികവിലും എത്തി.

### ശരീരത്തിലെ ഓരോ അംഗത്തിന്റേയും വളർച്ച (4:14-16)

**14അങ്ങനെ നാം ഇനി മനുഷ്യരുടെ ചതിയാലും ഉപായത്താലും, തെറ്റിച്ചുകളയുന്ന തന്ത്രങ്ങളിൽ കുടുങ്ങിപ്പോകുവാൻ തക്കവണ്ണം ഉപദേശത്തിന്റെ ഓരോ കാറ്റിനാൽ അലഞ്ഞുഴലുന്ന ശിശുക്കൾ ആയിരിക്കാതെ 15സ്നേഹത്തിൽ സത്യം സംസാരിച്ചുകൊണ്ട്, ക്രിസ്തു എന്ന തലയോളം സകലത്തിലും വളരുവാൻ ഇടയാകും. 16ശരീരം മുഴുവനും യുക്തമായി ചേർന്നും ഏകീഭവിച്ചും ഓരോ അംഗത്തിന്റെ അതതു വ്യാപാരത്തിന്ന് ഒത്തവണ്ണം ഉതവി ലഭിപ്പാനുള്ള ഏതു സന്ധിയാലും സ്നേഹത്തിലുള്ള വർദ്ധനക്കായി അവനിൽനിന്നു വളർച്ച പ്രാപിക്കുന്നു.**

**വാക്യം 14.** പക്വത പ്രാപിക്കാത്ത ശൈശവപ്രായത്തിലുള്ള സഭയ്ക്കാണ് പൗലൊസ് എഴുതിയതെങ്കിലും, അവൻ പറഞ്ഞു, **അങ്ങനെ, നാം ഇനി മനുഷ്യരുടെ ചതിയാലും ഉപായത്താലും തെറ്റിച്ചുകളയുന്ന തന്ത്രങ്ങളിൽ കുടുങ്ങി ഉപദേശത്തിന്റെ കാറ്റിൽ അലഞ്ഞുഴലുന്ന ശിശുക്കൾ അല്ല**. എന്താണ് ശരിയായ ഉപദേശം, എന്തല്ല ശരിയായ ഉപദേശം എന്ന് സഭയ്ക്ക് എങ്ങനെ അറി

യാം? സഭയുടെ ശൈശവ പ്രായത്തിൽ അത്ഭുതവരങ്ങളുണ്ടായിരുന്നതിനാൽ "ആത്മാക്കളെ വിവേചിക്കുവാൻ" അഥവാ സത്യവും അസത്യവും തമ്മിൽ വേർതിരിച്ചറിയുവാൻ കഴിഞ്ഞിരുന്നു (1 കൊ. 12:10). പുതിയനിയമം മുഴുവനും എഴുതി തീർന്നപ്പോൾ, സത്യവും അസത്യവും തമ്മിൽ വേർതിരിച്ചറിയുവാനുള്ള നിലവാരം വചനം ആണ്.

ആ തത്വം പൗലൊസ് ഫിലിപ്പിയർക്ക് എഴുതുമ്പോൾ പറഞ്ഞിരിക്കുന്നു:

> ലഭിച്ചുകഴിഞ്ഞു എന്നോ, തികഞ്ഞവനായി എന്നോ അല്ല, ഞാൻ ക്രിസ്തുവിനാൽ പിടിക്കപ്പെട്ടിരിക്കുന്നതുകൊണ്ട്, എനിക്കും അത് പിടിക്കാമോ എന്നുവെച്ചു പിന്തുടരുന്നതേയുള്ളു. സഹോദരന്മാരേ, ഞാൻ പിടിച്ചിരിക്കുന്നു എന്നു നിരൂപിക്കുന്നില്ല. ഒന്നു ഞാൻ ചെയ്യുന്നു; പിമ്പിലുള്ളത് മറന്നും മുമ്പിലുള്ളതിന്നു ആഞ്ഞുംകൊണ്ട്, ക്രിസ്തുയേശുവിൽ ദൈവത്തിന്റെ പരമവിളിയുടെ വിരുതിനായി ലാക്കിലേക്ക് ഓടുന്നു. നമ്മിൽ തികഞ്ഞവർ ഒക്കെയും ഇങ്ങനെതന്നെ ചിന്തിച്ചുകൊൾക. വല്ലതിലും നിങ്ങൾ വേറെ വിധത്തിൽ ചിന്തിച്ചാൽ, ദൈവം അതുവും നിങ്ങൾക്ക് വെളിപ്പെടുത്തി തരും (ഫിലി. 3:12-15).

*പുതിയ നിയമം മുഴുവനും ലഭിച്ചു കഴിഞ്ഞപ്പോൾ, സഭ പക്വതയിലെത്തി, പക്ഷെ വ്യക്തികളായ പലരും പക്വതയിൽ "എത്തിയിട്ടില്ല."*

പൗലൊസ് സഭയുടെ പക്വതയെ കുറിച്ച് സംസാരിച്ചപ്പോൾ, "പുരുഷത്വം" എന്ന ഏക വചനമാണ് അവൻ ഉപയോഗിച്ചത്; എന്നാൽ അവൻ സഭയിലെ അംഗങ്ങളെ കുറിച്ച് പറഞ്ഞപ്പോൾ, ബഹുവചന വാക്കായ "ശിശുക്കൾ" എന്നാണ് ഉപയോഗിച്ചത്. സത്യം അറിയുന്ന പക്വതയുള്ള ക്രിസ്ത്യാനികൾ കടലിലെ കാറ്റിൽ അലഞ്ഞുഴലുന്ന തോണിപോലെ, ദുരുപദേശത്തിന്റെ കാറ്റിൽ ഉലയുകയില്ല.

സഭയുടെ ആരംഭ സമയത്തും ദുരുപദേഷ്ടാക്കന്മാർ ഉണ്ടായിരുന്നു, പൗലൊസ് അവരെ കുറിച്ച് മുന്നറിയിക്കുകയും ചെയ്തിരുന്നു. സത്യസന്ധതയില്ലാത്തവരും **വഴിതെറ്റിക്കുന്നവരുമായ മനഷ്യരുടെ ചതിയാലും ഉപായത്താലും** അപക്വരായ ക്രിസ്ത്യാനികളെ വഞ്ചിച്ചുകളയുമെന്ന് മുന്നറിയിച്ചിരിക്കുന്നു. ആ ദുരുപദേഷ്ടാക്കന്മാർ സാത്താന്റെ ഉപകരണങ്ങളാണ്. കാരണം, അവൻ സൂത്രവും, തന്ത്രവും, ഉപായവും, വഞ്ചനയും പ്രയോഗിക്കും (യോഹ. 8:44; 2 കൊ. 2:11; 11:3; എഫെ. 6:11; 1 തിമൊ. 4:1) . അവർ പൂർത്തിയായ പുതിയനിയമത്തിനും, പൗലൊസിനും അവന്റെ ഉപദേശത്തിനും എതിരായി പ്രവർത്തിച്ചു. ദുരുപദേശം പുറപ്പെടുവിച്ചതെല്ലാം തെറ്റായിരുന്നു. എന്നാൽ ക്രിസ്തുവിലുള്ള സത്യത്തിൽ വേരുന്നി വളർന്ന് പക്വതയാർജിക്കുവാനും (4:21) സത്യം സംസാരിക്കുവാനുമായിരുന്നു പൗലൊസ് എഫെസ്യയിലെ ക്രിസ്ത്യാനികളോട് പറഞ്ഞത് (4:15).

**വാക്യം 15.** ആദ്യം, ആ ക്രിസ്ത്യാനികൾ ആരായിരുന്നു എന്നും പിന്നെ ദുരുപദേഷ്ടക്കന്മാർ ആരാണെന്നുമുള്ള അന്തരം വ്യക്തമാക്കുന്നു: **സ്നേഹത്തിൽ സത്യം സംസാരിക്കുക.** "സത്യം" എന്ന് ഇവിടെ പറഞ്ഞിരിക്കുന്നത് മുമ്പിലത്തെ വാക്യത്തിൽ പറഞ്ഞ തെറ്റുകൾക്ക് നേരെ എതിരാണ്, "സ്നേഹം" എന്നു പറഞ്ഞിരിക്കുന്നത് "ഉപായം" എന്നതിന് എതിരാണ്. എഫെസ്യർ കേട്ടതും വിശ്വസിച്ചതും സത്യമായിരുന്നു: രക്ഷാ സുവിശേഷം (1:13).

സത്യം സ്വീകരിച്ചതിനാൽ, അവർ “സ്നേഹത്തിൽ” സത്യം സംസാരിക്കണമായിരുന്നു. അങ്ങനെ പഠിപ്പിക്കുന്നവരും പഠിക്കുന്നവരും ഒരേ വിധത്തിൽ ക്രിസ്തുവിൽ പക്വത ആർജിക്കുവാൻ കഴിയുന്നു. സത്യം എല്ലായ്പോഴും “സ്നേഹത്തിൽ” ആയിരിക്കണം സംസാരിക്കേണ്ടത്, തെറ്റുകളെ തള്ളിപ്പറയേണ്ടത് ഒരിക്കലും അഹങ്കാരത്തോടെയായിരിക്കരുത്. സ്നേഹത്തിൽ സത്യം സംസാരിച്ചാൽ, അത് തെറ്റുകളെ അതിജീവിക്കുവാനും ക്രമേണ എണ്ണത്തിലും, ആത്മിയതയിലും, വ്യക്തികളായും കൂട്ടായും വളരുവാൻ കഴിയും. വളരുന്ന ക്രമമനുസരിച്ച് സഭ ഒരു കെട്ടിടമായി പണിയപ്പെടുന്നു എന്നത് പൗലൊസ് പറഞ്ഞതുമായി യോജിക്കുന്നു (2:20, 21 നോക്കുക).

അടുത്തതായി, അവൻ എഴുതി, **നാം ക്രിസ്തു *എന്ന* തലയോളം, സകലത്തിലും വളരേണം** (എംഫസിസ് ആഡഡ്). ദൈവം തന്റെ നിത്യമായ ഉദ്ദേശത്തിൽ ഉൾപ്പെടുത്തിയ സഭയായി, സഭാ ജീവിതത്തിൽ എല്ലാ വശങ്ങളിലും അംഗങ്ങൾ വളരണം (3:10, 11 നോക്കുക). “ലേക്ക്” (*എയിസ്*) “ക്രിസ്ത്യാനികൾ വളരേണ്ട *അറ്റവും*” *വസ്തുവും* എന്നു പറയുന്നത് “ക്രിസ്തു എന്ന തലയോളം” ആണ്.[21] ക്രിസ്ത്യാനികൾ ക്രിസ്തുവിനെ പോലെ വളരുവാനായിരുന്നില്ല പൗലൊസ് ഇവിടെ ഊന്നി പറഞ്ഞത് (തിരുവെഴുത്തിൽ അത് പ്രാധാന്യത്തോടെ പറഞ്ഞിട്ടുണ്ട്-റോമർ 8:29; 2 കൊ. 3:18; ഫിലി. 2:5; 1 പത്രൊ. 2:21); മറിച്ച്, അവൻ ക്രിസ്തുവിനെ കുറിച്ച്, “അവൻ, ആകുന്ന ഉറവിടത്തിൽ *നിന്നാണ്*, നമ്മുടെ വളർച്ചക്ക് ആവശ്യമായ കൃപ ... അല്ലെങ്കിൽ ശക്തി ലഭിക്കുന്നതും വളരുവാൻ കഴിയുന്നതും. വളർച്ചക്ക് ആവശ്യമായ *വസ്തുവും ലക്ഷ്യവും* അവൻ തന്നെയാണ്.”[22]

**വാക്യം 16.** ക്രിസ്തു സഭയുടെ തലയാണെന്ന് ചിത്രീകരിച്ചശേഷം അവൻ പറഞ്ഞു, **ശരീരം മുഴുവൻ യുക്തമായി ചേർന്നു ഏകീഭവിക്കുന്നത് അവനിൽനിന്ന് ശക്തി ലഭിച്ചിട്ടാണ്.** പൗലൊസ് തന്റെ എഴുത്തുകളിൽ പല ഭാഗത്തും സഭയുടെ രൂപം “ശരീരം” ആയിട്ടാണ് പറഞ്ഞിരിക്കുന്നത് (റോമർ 12; 1 കൊ. 12; കൊലൊ. 2:19), പ്രത്യേകിച്ച് എഫെസ്യ ലേഖനത്തിൽ (1:22, 23; 4:4, 12). സഭ വിളിച്ച വിളിക്ക് യോഗ്യമായി ഏകീഭവിക്കണമെങ്കിൽ, ഈ വാക്യത്തിൽ പൗലൊസ് അവതരിപ്പിച്ച വളർച്ചാ തത്വം പഠിക്കണം. ശരീരത്തിന്റെ തലയായ ക്രിസ്തുവിൽനിന്നു സംഭരിച്ചാണ് സഭ പ്രവർത്തിക്കുന്നതും, വളരുന്നതും എന്നാണ് പൗലൊസ് ഊന്നി പറഞ്ഞിരിക്കുന്നത്.

“യോജിച്ച്” എന്നത് തർജിമ ചെയ്തിരിക്കുന്ന ഗ്രീക്ക് വാക്ക് *സുനർമോലോജെയെയോ* എന്നാണ്, അർത്ഥം, “ഒരുമിച്ച് ചേർന്നിരിക്കുക” എന്നാണ്. ഉപയോഗിച്ച വ്യാകരണം അനുസരിച്ച് നടപടിക്രമം വർത്തമാന കാലത്തിൽ തുടർന്നു കൊണ്ടിരിക്കയായിരുന്നു. “ഏകീഭവിക്കുക” (*സുംബിബാസോ*) എന്നതും അതേ വ്യാകരണത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്, അർത്ഥം, “ഏകീഭവിക്കുക, അല്ലെങ്കിൽ അടുത്തു ചേർന്നിരിക്കുക”[23] എന്നാണ്. “നിരപ്പ് പ്രാപിക്കുന്ന സന്ദർഭത്തിലാണ്, ആ വാക്ക് അടിക്കടി ഉപയോഗിച്ചിരിക്കുന്നത്.”[24] ഈ ലേഖനത്തിൽ പൗലൊസ് ഉപയോഗിച്ച വ്യാകരണം രൂപകാലങ്കാരത്തിൽ സഭയെ മന്ദിരമായി വിവരിച്ചിരുന്നു. “ദൈവം ആത്മാവിൽ വസിക്കുന്ന” മന്ദിരത്തിൽ “യോജിച്ചിരിക്കുന്ന” ജീവനുള്ള കല്ലുകളാണ് ക്രിസ്ത്യാനികൾ ഓരോരുത്തരും എന്ന് പൗലൊസ് പറഞ്ഞിരിക്കുന്നു (2:21, 22). രണ്ടാമത്തെ പാർട്ടിസിപ്പിൾ അവൻ ഉപയോഗിച്ചിരിക്കുന്നത് കൊലൊസ്യർക്ക് ലേഖനം എഴുതുമ്പോഴാണ്, “തലയെ മുറുകെ പിടിച്ച് ശരീരം മുഴുവൻ സന്ധികളാലും ഞര

മ്പുകളാലും ചൈതന്യം ലഭിച്ചും ഏകീഭവിച്ചും ... ദൈവികമായ വളർച്ച പ്രാപിക്കുന്നു" (കൊലൊ. 2:19).

"സന്ധികളാലും" (*ഹാഫേ*), "ഞരമ്പുകളാലും" (*സുൻഡെസ്മോസ്*) എന്ന് 2:19-ൽ പറഞ്ഞിരിക്കുന്നത്, ശരീരത്തിന്റെ അവയവങ്ങളെല്ലാം യോജിച്ചിരിക്കുന്നതിനെയാണ് കാണിക്കുന്നത്. അവന്റെ ശരീരമായ സഭയ്ക്ക് വേണ്ട പോഷകങ്ങളെല്ലാം ക്രിസ്തുവിൽനിന്നു "ലഭിക്കേണ്ടതിന്" അവയവങ്ങളെയെല്ലാം സന്ധികളാലും ഞരമ്പുകളാലും യോജിപ്പിച്ചിരിക്കയാണ്.

സഭയുടെ **ഓരോ അംഗത്തിന്റേയും യോജിച്ച് പ്രവർത്തിക്കുവാനുള്ള പങ്ക്** എത്ര പ്രാധാന്യമുള്ളതാണെന്ന് എഫെസ്യരെ പൗലൊസ് ഓർമ്മിപ്പിക്കുകയാണ്. ശരീരത്തിന്റെ എല്ലാ ഭാഗങ്ങൾക്കും വേണ്ട ഊർജവും ശക്തിയും ലഭിക്കുന്നത് തലയിൽനിന്നാണ്. എങ്ങനെയായാലും, ശരീരത്തിന്റെ വളർച്ചക്ക് എല്ലാ അവയവങ്ങളും ചേർന്നു പ്രവർത്തിക്കണം. അവസരം ചെറുതായാലും, താലന്തു കുറവായാലും ഓരോ അവയവവും പ്രാധാന്യമുള്ളതാണെന്ന് തിരിച്ചറിയണം.

ഓരോ അവയവവും, തന്റെ പങ്ക് നിർവ്വഹിക്കുവാനാവശ്യമായതെല്ലാം ക്രിസ്തു നൽകുമ്പോൾ, **സ്നേഹത്തിൽ കെട്ടിടം പണിയുവാനും വളരുവാനും ഇടയാകും**. ഓരോ അവയവവും ക്രിസ്തുവിന്റെ ശരീരത്തിന്റെ "പണിക്ക്" ആവശ്യമായ സംഭാവന നൽകുമ്പോൾ, സഭ എണ്ണത്തിലും ആത്മിയതയിലും വളരും. "സ്നേഹത്തിന്റെ" പ്രാധാന്യം പൗലൊസ് വീണ്ടും ഊന്നി പറഞ്ഞിരിക്കുന്നു (4:2, 15), അതാണ് സഭാ പ്രവൃത്തികളുടെ സ്വഭാവം. സ്നേഹമില്ലെങ്കിൽ ശരീരത്തിനു വാസ്തവത്തിലുള്ള വളർച്ച കാണുകയില്ല. "ഈ ശരീരത്തിന്റെ ജീവനാഡി എന്നു പറയുന്നത് സ്നേഹമാണ്, അതുകൊണ്ട്, സഭയുടെ വളർച്ചക്ക് എപ്പോഴും അനിവാര്യമായ സ്വഭാവമാണ് സ്നേഹം."[25] "ഐക്യതയുടെ തികഞ്ഞ ബന്ധമാണ്" സ്നേഹം (കൊലൊ. 3:14).

"സ്നേഹത്തിൽ ശരീരം വേരുന്നി വളരുകയും പണിയുകയും" വേണം എന്നു പറഞ്ഞ് പൗലൊസ് ഈ ഭാഗം അവസാനിപ്പിക്കുകയാണ്, കൂടാതെ എഫെസ്യർക്ക് "വിളിച്ച വിളിക്ക് യോഗ്യമായി" എങ്ങനെ നടക്കാമെന്നും കാണിച്ചു കൊടുത്തു (4:1). അവരുടെ യോഗ്യമായ നടപ്പ് കാണിക്കുന്നത്, അവർക്കിടയിലെ ഐക്യത, തികവ്, പക്വത എന്നിവയാണ്.

### കൂടുതൽ പഠനത്തിന്:

**ദ കാനോൻ**

*കാനോൻ* എന്ന ഗ്രീക്ക് വാക്കിൽനിന്നാണ് ഇംഗ്ലീഷിലെ "കാനൻ" എന്ന വാക്ക് ലഭിച്ചത്, അർത്ഥം, ആശാരിമാരോ മേസിരിമാരോ ലെവൽ ശരിയാക്കുവാൻ ഉപയോഗിക്കുന്ന കോൽ എന്നാണ്.[26] ഏ. ഡി. മൂന്നും നാലും നൂറ്റാണ്ടുകളിൽ അത് ആദ്യം ആംഫിലോഷ്യസോ അല്ലെങ്കിൽ യൂസേബിയസ്,[27] ബൈബിൾ എഴുതുവാനാണ് ഉപയോഗിച്ചിരുന്നത്. അതിനു മുമ്പ്, സഭയും യെഹൂദ സമൂഹവും അവർക്ക് മുൻപിൽ ഉണ്ടായിരുന്ന എഴുത്തുകളെ വിശുദ്ധ തിരുവെഴുത്തുകൾ (*ഹായി ഗ്രഫായി*), അല്ലെങ്കിൽ വിശുദ്ധ തിരുവെഴുത്തുകളെ (*ഹഗിയായി ഗ്രഫായി*) എന്നാണ് വിളിച്ചിരുന്നത് ആ വാക്കുകൾ ബൈബിളിന്റെ ആധികാരികതയെയാണ് വ്യക്തമാക്കുന്നത്.

നാം പഴയനിയമം എന്നു വിളിക്കുന്ന "മോശെയുടെ ന്യായപ്രമാണവും പ്രവാചകന്മാരും സങ്കീർത്തനങ്ങളും" അപ്പൊസ്തലന്മാരും യേശുവും

ദൈവശ്വാസിയ തിരുവെഴുത്തുകൾ എന്നാണ് പറഞ്ഞിരിക്കുന്നത് (ലൂക്കൊ. 24:44). ദൈവത്തിൽനിന്നുത്ഭവിച്ചതായ തിരുവെഴുത്തുകളോടുള്ള അവരുടെ മനോഭാവം ചുരുക്കി 2 തിമൊഥെയൊസ് 3:16 ലും 2 പത്രൊസ് 1:19-21 ലും പറഞ്ഞിരിക്കുന്നു.

ഈ. ഏർലെ ഏലിസ് പറയുന്നു, "ദൈവികമായ അധികാരത്താലുള്ള പുസ്തകങ്ങളാണ് പഴയനിയമം എന്നതിനെ കുറിച്ച് യെഹൂദ സംഘങ്ങൾക്കിടയിൽ അഭിപ്രായ വ്യത്യാസം ഉണ്ടായിരുന്നതിനു തെളിവ് ഒന്നുമില്ല."[28] ബൈബിളിൽ ഇന്നുള്ള പഴയതും പുതിയതുമായ നിയമങ്ങൾ ചേർന്നതിനെയാണ് സഭയിൽ "കാനോൻ" എന്നു പറയുന്നത്.

അടിസ്ഥാനപരമായി, കാനോനികമായി ഏതു പുതിയനിയമ പുസ്തകങ്ങളാണ് പരിഗണിക്കേണ്ടതെന്ന് സഭ തീരുമാനിക്കുവാൻ നാല് മാനദണ്ഡങ്ങളാണ് എടുക്കേണ്ടത്:

1. അപ്പൊസ്തൊലികത്വം-പുസ്തകം എഴുതപ്പെട്ടതു അപ്പൊസ്തലനാണോ അല്ലെങ്കിൽ അപ്പൊസ്തലനുമായി ബന്ധപ്പെട്ടതാണോ?
2. ഉള്ളടക്കം-അപ്പൊസ്തലിക പുസ്തകവുമായി തുല്യനിലവാരമുള്ളതാണോ നൽകപ്പെട്ട പുസ്തകം?
3. സാർവ്വലൗകികത്വം-സഭയാൽ പുസ്തകം സാർവ്വലൗകികമായി സ്വീകരിക്കപ്പെട്ടിട്ടുണ്ടോ?
4. ശ്വാസിയത-ദൈവശ്വാസിയമാണെന്നതിന് പുസ്തകത്തിൽ തെളിവുകളുണ്ടോ?[29]

അവന്റെ ഉദ്ദേശം നിറവേറപ്പെടുന്നതിന് ദൈവത്തിന്റെ കരുണാധിക്യപ്രകാരമുള്ള വസ്തുതകളടങ്ങിയിരിക്കുന്നുണ്ടോ എന്നു നോക്കണം. അതുകൊണ്ട്, അവൻ തന്റെ വചനം നൽകിയപ്പോൾ, അവൻ കൃത്യമായി ആഗ്രഹിച്ചത് ഉൾപ്പെടുത്തുകയും ആഗ്രഹിക്കാത്തത് ഉൾപ്പെടുത്താതിരിക്കുകയും ചെയ്തിരിക്കുന്നു എന്നതാണ് തിരുവെഴുത്തുകളുടെ പ്രത്യേകത.

ബൈബിൾ എന്ന നിലയിൽ യോജിപ്പിച്ച വിശുദ്ധ എഴുത്തുകളുടെ ആധികാരികത ചോദ്യം ചെയ്യപ്പെട്ടത് പതിനെട്ടും പത്തൊമ്പതും നൂറ്റാണ്ടുകളിലെ വിഭാഗീയ മനോഭാവമായിരുന്നു.

## പ്രായോഗികത

### സഭയ്ക്ക് വേണ്ട ദൈവത്തിന്റെ ദാനങ്ങൾ (4:7-16)

ആദ്യ സഭയിൽ, ദൈവം അവരിൽനിന്നു പ്രതീക്ഷിച്ച യോഗ്യമായ നടപ്പിന് അവർക്ക് പ്രത്യേക ദാനങ്ങൾ നൽകിയിരുന്നു. ദൈവ വചനം പൂർണ്ണമായി നൽകുന്നതുവരെ അപ്പൊസ്തലന്മാരും പ്രവാചകന്മാരും അവർക്ക് ആവശ്യമായിരുന്നു, എന്നാൽ അവർക്ക് ലഭിച്ചിരുന്ന അത്ഭുതവരങ്ങൾ പെട്ടെന്ന് നിന്നുപോകുവാനുള്ളതായിരുന്നു. സ്ഥിരദാനങ്ങളായ, സുവിശേഷകന്മാർ, ഇടയന്മാർ, ഉപദേഷ്ടാക്കന്മാർ എന്നിവർ എപ്പോഴും ആവശ്യമാണ്. വിശുദ്ധന്മാരെ ഇന്ന് സഭാദ്ധ്യക്ഷന്മാർ പ്രാപ്തരാക്കുന്നതും, ശുശ്രൂഷയുടെ വേലയും, ആത്മിക വർദ്ധനയും വരുത്തേണ്ടതും പൂർത്തിയാക്കിയ പുതിയ നിയമം പഠിപ്പിക്കുന്നതിൽകൂടെയാണ്. ആത്മിയ ശൈശവാവസ്ഥയിൽനിന്ന് ആത്മിയ

പ്രായപൂർത്തിയായ അവസ്ഥയിലേക്ക് സഭയിലെ അംഗങ്ങൾ വളരുവാനും സത്യവും അസത്യവും തമ്മിൽ വേർതിരിച്ചറിയുവാനുമാണ് സഭയ്ക്ക് ദാനങ്ങൾ നൽകിയിരിക്കുന്നത്.

ഇന്ന് സഭയിലെ അംഗങ്ങൾ സത്യത്തെ സ്നേഹിക്കുകയും, സ്നേഹത്തിൽ സത്യം സംസാരിക്കുകയും, അന്യോന്യം പ്രബോധിപ്പിച്ചും, പ്രാദേശിക സഭയുടെ പ്രവർത്തനത്തിൽ സജീവമായി, വളർന്നു സഭ പക്വതയാർജിക്കണം.

ജേയ് ലോക്ഹാർട്ട്

**സഭ എങ്ങനെ തികവുള്ളതതാകും (4:7-16)**

നാം ഭൂമിയിലായിരിക്കുന്നേടത്തോളം നമുക്ക് പാപരഹിതമായ പൂർണ്ണത കൈവരിക്കുവാൻ സാധ്യമല്ല. തന്റെ സഭ തികവിലെത്തണമെന്ന് യേശു ആഗ്രഹിച്ച തികവ് എന്നു പറയുന്നത് "പക്വത" ആണ്. ദൈവത്താൽ-നൽകപ്പെട്ട പങ്ക് സഭയിലെ അംഗങ്ങൾ ഓരോരുത്തരും മനസിലാക്കി പ്രവർത്തിക്കുമ്പോഴാണ് പക്വത കൈവരിക്കുവാൻ കഴിയുന്നത്. ഒരു ശൈശവ സഭയക്ക് വേണ്ടതുപോലെ ആയി തീരുവാൻ എങ്ങനെ കഴിയുമെന്ന് പൗലൊസ് 4:7-16-ൽ പറയുന്നു. ഇന്നു നമുക്ക് വളരുവാനും, മറ്റുള്ളവർ വളരേണ്ടതിന് സഹായിക്കുന്നതിനും, പക്വതക്കും സ്ഥിരോൽസാഹവും, ഐക്യതയും പുലർത്തുവാനും നമ്മുടെ കഴിവുകളെ നാം ഉപയോഗിക്കണം.

ഞെട്ടിക്കുന്ന ഒരു ഭാവനയുമായിട്ടാണ് പൗലൊസ് തുടങ്ങുന്നത്: "എന്നാൽ നമ്മിൽ ഓരോരുത്തന്ന് ക്രിസ്തുവിന്റെ ദാനത്തിന്റെ അളവിന്ന് ഒത്തവണ്ണം കൃപ ലഭിച്ചിരിക്കുന്നു. 'അവൻ ബദ്ധന്മാരെ പിടിച്ചുകൊണ്ടുപോയി ഉയരത്തിൽ കയറി മനുഷ്യർക്ക് ദാനങ്ങളെ കൊടുത്തു' " (4:7, 8). വലിയ യുദ്ധത്തിൽ ഒരു സൈന്യാധിപൻ വിജയിച്ച ശേഷം മടങ്ങി വീട്ടിലേക്ക് വരുന്ന ചിത്രമാണ് നമുക്ക് നൽകിയിരിക്കുന്നത്. കൈസർ "വിജയി" എന്ന് പ്രഖ്യാപിച്ചു സൈന്യാധിപനെ ആദരിച്ചിരുന്നു. റോമിന്റെ തെരുവുകളിലൂടെ അവനെ നടത്തി പ്രദർശിപ്പിക്കുമായിരുന്നു. അവന്റെ പിന്നിൽ ആദ്യം അവന്റ പടയാളികൾ അനുഗമിക്കും, അവസാനമായി അവൻ കീഴ്പ്പെടുത്തിയ പ്രവാസികളും ഉണ്ടായിരിക്കും. എന്നാൽ ഇവിടെ നിത്യ നഗരത്തിന്റെ വീഥിയിലൂടെ നടന്നു നിങ്ങുന്നവരെ ആദരിച്ച്: "വിജയി! വിജയി!" എന്ന് ആർക്കും. വിജയാഘോഷം കഴിഞ്ഞ്, യുദ്ധത്തിൽ നേടിയതെല്ലാം സൈന്യാധിപൻ പടയാളികൾക്ക് വീതിച്ചു കൊടുക്കുകയും, വിജയിക്കുള്ള ദാനവും നൽകിയിരുന്നു.

അതേപോലെ, യേശു ഭൂമിയിലേക്ക് ഇറങ്ങിവന്ന് ദുഷ്ടശക്തികളോട് യുദ്ധം ചെയ്തു. അത് കഴിഞ്ഞ ശേഷം, യേശു അവരെ കീഴ്പ്പെടുത്തി. വിജയം അവന്റേതായിരുന്നു. പിന്നെ അവൻ മഹത്വത്തോടെ വീട്ടിലേക്ക് മടങ്ങി, അതാണ് വാസ്തവത്തിലുള്ള നിത്യനഗരം, വിജയിക്ക് ലഭിക്കേണ്ടതെല്ലാം അവനു ലഭിച്ചു. ദൂതന്മാരെല്ലാം അവനെ "വിജയി! വിജയി!" എന്ന് ആർക്കുന്നത് നമുക്ക് ഊഹിക്കാം. യേശു സ്വന്ത ഭവനത്തിലേക്ക് മടങ്ങിയത് ദൈവത്തിന്റെ ഏറ്റവും വലിയ ശത്രുവിനെ തോൽപ്പിച്ചശേഷമായിരുന്നു.

യേശു ഉയരത്തിലേക്ക് കയറിയപ്പോൾ, പൗലൊസ് പറഞ്ഞു, അവൻ മനുഷ്യർക്ക് ദാനങ്ങൾ കൊടുത്തു. അവൻ തന്റെ ശരീരമായ സഭയ്ക്ക് പ്രത്യേക ദാനങ്ങൾ കൊടുത്തു. സഭ പക്വതയിലെത്തുവാനായിരുന്നു ആ ദാനങ്ങൾ നൽകിയത്.

*തന്റെ സഭയ്ക്കുള്ള ക്രിസ്തുവിന്റെ ദാനങ്ങൾ* (4:11). ആത്മിക വരങ്ങളെ

കുറിച്ച് ബൈബിൾ സംസാരിക്കുമ്പോൾ, ആളുകൾക്ക് പരിശുദ്ധാത്മാവിനാൽ നൽകിയിട്ടുള്ള പ്രത്യേക കഴിവുകളെയാണ് പറയുന്നത്. ഇവിടെ പറയുന്നത് കർത്താവാണ് ആ ദാനങ്ങൾ നൽകുന്നത് എന്നാണ്. ആ പ്രത്യേക കഴിവുകൾ മാത്രമല്ല, അവന്റെ ശരീരത്തിലെ യേശുവിന്റെ ദാനങ്ങളിൽ ആ ആളുകളും ഉൾപ്പെടുന്നു. സഭയുടെ കെട്ടുപണിക്കായി പലരുടേയും സഹായം ആവശ്യമാണ്.

സഭയ്ക്കായി നൽകിയ ആദ്യ ദാനം *അപ്പൊസ്തലന്മാർ* ആയിരുന്നു. ഉയർത്തെഴുന്നേറ്റ ക്രിസ്തുവിനെ സാക്ഷ്യപ്പെടുത്തുക എന്നതായിരുന്നു ആ ദൃക്സാക്ഷികളുടെ ദൗത്യം (പ്രവൃ. 1:22 നോക്കുക). ദൈവശ്വാസിയതയാൽ അവർക്ക് ദൈവേഷ്ടം വെളിപ്പെടുത്തി കൊടുത്തിരുന്നു, അവരുടെ സന്ദേശത്തെ കർത്താവിന്റെ നാമത്തിൽ ചെയ്ത അത്ഭുതത്താൽ ഉറപ്പിക്കുകയും ചെയ്തു.

അപ്പൊസ്തലന്മാരെ സഹായിക്കുന്നവരായിരുന്നു *പ്രവാചകന്മാർ.* മതിയായത്ര എഴുതപ്പെട്ട രേഖകളില്ലാത്തതിനാൽ അന്ന് ദൈവശ്വാസിയ ക്രിസ്ത്യാനികളെ ദൈവം ഉപയോഗിച്ചിരുന്നു. അവർ ഉയർത്തെഴുന്നേറ്റ ക്രിസ്തുവിനെ കണ്ടിരിക്കുവാൻ സാധ്യതയുണ്ട്, അവർ അത്ഭുതങ്ങൾ നടത്തിയിരുന്നു എന്ന് തിരുവെഴുത്തു മുഖാന്തരം നമുക്ക് തെളിയിക്കുവാനും കഴിയും. എങ്ങനെയായാലും, അവരുടെ ശുശ്രൂഷ പ്രാധാന്യമുള്ളതായിരുന്നു. ആരംഭ സഭയിൽ പ്രശ്നങ്ങൾ നേരിട്ട്, തീരുമാനം എടുക്കേണ്ട സാഹചര്യം വന്നപ്പോൾ, എന്തു ചെയ്യണമെന്ന് സഭയോട് നിർദ്ദേശിച്ചതു പ്രവാചകന്മാരായിരുന്നു.

പൗലൊസിന്റെ ആദ്യ സാക്ഷ്യമനുസരിച്ച് (2:19, 20), നാം "അപ്പൊസ്തലന്മാരുടേയും പ്രവാചകന്മാരുടേയും അടിസ്ഥാനത്തിന്മേൽ പണിതിരിക്കുന്നവരും, ക്രിസ്തു തന്നെ മൂലക്കല്ലായിരിക്കുകയും ചെയ്യുന്നു." ക്രിസ്തുവിന്റെ ശരീരം പക്വതയിലെത്തുവാൻ അപ്പൊസ്തലന്മാരുടേയും പ്രവാചകന്മാരുടേയും പ്രവർത്തനം അനിവാര്യമായിരുന്നു. ഇന്ന് ബൈബിളനുസരിച്ച് അപ്പൊസ്തലന്മാരോ പ്രവാചകന്മാരോ ഇല്ലാത്തതിനാൽ, വിശുദ്ധന്മാർ അവരുടെ പ്രവർത്തികൾ തുടരുന്നത് എഴുതി രേഖപ്പെടുത്തിയ വചനം മുഖാന്തരമാണ്. അവർ പറയുവാനാഗ്രഹിച്ചതും, അവർക്ക് സാക്ഷ്യപ്പെടുത്തുവാൻ കഴിഞ്ഞതുമെല്ലാം നമുക്കായി രേഖപ്പെടുത്തിയിരിക്കയാണ്. ബൈബിളിലെ അവരുടെ ഉപദേശങ്ങൾ ദൈവത്തിന്റെ ദാനമായി അവന്റെ വചനത്തിൽ നൽകിയിരിക്കുന്നത് വായിച്ച് മനസിലാക്കി നാം ജീവിക്കണം.

യേശു സഭയ്ക്ക് നൽകിയ മൂന്നാമത്തെ ദാനമാണ് *സുവിശേഷകന്മാർ.* ആ "സുവിശേഷ വാഹകർ" അക്ഷരികമായി ഒരു സമൂഹത്തിൽനിന്നു മറ്റൊരു സമൂഹത്തിലേക്ക് യാത്ര ചെയ്തു, കാൽവരിയിൽ ദൈവം ചെയ്തതിന്റെ ഗുണഫലം നഷ്ടപ്പെട്ടവരിലെത്തിച്ചു. ഓരോ അംഗവും തനിക്കു ലഭിച്ച വിശ്വാസം മറ്റുള്ളവരോട് പങ്കിടണം, ദൈവം സഭയിൽ ഫലപ്രദമാകുവാൻ കഴിവുള്ള സുവിശേഷകന്മാരെ ദാനമായി നൽകിയിരിക്കുന്നു. ദൈവത്തിന്റെ സത്യം വെളിപ്പെടുത്തിക്കൊണ്ടാണ് അപ്പൊസ്തലന്മാരും പ്രവാചകന്മാരും അടിസ്ഥാനം ഇട്ടത്; സുവിശേഷകന്മാർ ആ സത്യത്താൽ അതേ അടിസ്ഥാനത്തിൽനിന്ന് കാലാകാലങ്ങളായി ആത്മാക്കളെ നേടുകയാണ്.

സഭയ്ക്ക് യേശു *ഇടയന്മാരേയും ഉപദേഷ്ടാക്കന്മാരേയും* ദാനമായി നൽകിയിരിക്കുന്നു. എന്നാൽ സുവിശേഷകന്മാർ ഒരു സ്ഥലത്തുനിന്നു മറ്റൊരു സ്ഥലത്തേക്ക് പോയി ആളുകളെ യേശുവിലേക്ക് പരിവർത്തനം ചെയ്യിക്കുന്നു,

ഇടയന്മാരും ഉപദേഷ്ടാക്കന്മാരും അവിടെത്തന്നെ നിന്ന് പുതുതായി വിശ്വാസികളായി തീർന്നവരെ പഠിപ്പിച്ചെടുക്കുകയാണ്.

ആ ദാനങ്ങളെല്ലാം കൂട്ടി യോജിപ്പിച്ച്,-അപ്പൊസ്തലന്മാരേയും, പ്രവാചകന്മാരേയും, സുവിശേഷകന്മാരേയും, ഇടയന്മാരേയും, ഉപദേഷ്ടാക്കന്മാരേയും-ചുരുക്കി മൂന്നു വാക്കുകളിൽ പറയാം: "സത്യം പ്രഖ്യാപിക്കുക!" അത് "വിശുദ്ധന്മാരുടെ യഥാസ്ഥാനത്തിന്" ആണ് (4:12). വചനം പ്രസംഗിക്കുന്ന ആ മനുഷ്യരെ കൂടാതെ, സഭ ഒരിക്കലും പക്വതയിലെത്തുകയില്ല. ഇന്ന്, സുവിശേഷകന്മാരും, ഇടയന്മാരും, ഉപദേഷ്ടാക്കന്മാരും സത്യം വ്യാപിപ്പിക്കുന്നതിൽ വളരെ പ്രധാന പങ്കാണ് നിർവ്വഹിക്കുന്നത്.

ക്രിസ്തു സഭയ്ക്ക് ദാനമായി തന്നിരിക്കുന്ന ഈ പുരുഷന്മാർ സഭയുടെ ശുശ്രൂഷ മുഴുവൻ ചെയ്യുന്നില്ല. ഇവരുടെ ജോലി ദൈവേഷ്ടം വിശുദ്ധന്മാരെ പഠിപ്പിക്കുക എന്നതാണ്, ആ അംഗങ്ങളാണ് സഭയുടെ പ്രവൃത്തികൾ ചെയ്യുന്നത്. അവർ അവരെ "ശുശ്രൂഷയുടെ വേലക്കായി" പ്രാപ്തരാക്കണം (4:12). "വിശുദ്ധന്മാർ എന്തിനാണ് ഈ ശുശ്രൂഷ ചെയ്യുന്നത്?" (4:12).

*സഭയുടെ ലക്ഷ്യങ്ങൾ* (4:13). ഇവയിലെല്ലാം കർത്താവിന്ന് ഒരു ഉദ്ദേശം ഉണ്ട്. അംഗങ്ങൾ ശരീരത്തിൽ പ്രത്യേക കാരണങ്ങൾ നിമിത്തമാണ് പ്രവർത്തിക്കുന്നത്. ദൈവജനത്തെ അവന്റെ സത്യത്തിൽ ശരിയായി പരിശീലിപ്പിക്കുമ്പോൾ, അവർ ആ സത്യപ്രകാരം ജീവിക്കുമ്പോൾ മുന്നു ഫലങ്ങൾ പുറപ്പെടുന്നു.

(1) ഐക്യത. ശരീരത്തിന്റെ ലക്ഷ്യത്തിൽ ക്രിസ്തു ആദ്യമായി നൽകിയിരിക്കുന്നത് വിശ്വാസത്തിലുള്ള ഐക്യതയാണ്. "ഏക വിശ്വാസമാണ്" ഉള്ളതെന്ന് പൗലൊസ് എഴുതിയിരിക്കുന്നു (4:5), എന്നാൽ ആ തത്വത്തിൽ അടങ്ങിയിരിക്കുന്നത് മുഴുവൻ എല്ലാവരും മനസിലാക്കിയിട്ടില്ല. പ്രഖ്യാപിച്ച വചനം സഭ കേട്ടതിനാൽ, ക്രിസ്തുവിനെ കുറിച്ചുള്ള സത്യത്തിലുള്ള ഏകത്വം അടിസ്ഥാനപ്പെടുത്തിയിരിക്കുന്നത് ഗ്രഹിക്കുവാൻ കഴിയുന്നു.

(2) പക്വത. രണ്ടാമത്തെ ലക്ഷ്യം വിശുദ്ധന്മാരെ യഥാസ്ഥാനപ്പെടുത്തുന്നതാണ്, അങ്ങനെ അവർ പക്വതയിലെത്തുന്നു. "ക്രിസ്തുവിന്റെ സമ്പൂർണ്ണതയുടെ അളവ് പ്രാപിക്കുന്നതാണ്" പക്വത എന്ന് പൗലൊസ് നിർവ്വചിച്ചിരിക്കുന്നു. അപക്വതയുള്ള ആളുകളാണ് തങ്ങളിലേക്ക് തന്നെ നോക്കുന്നത്. അവർ അന്വേഷിക്കുന്നത് അവരുടെ ആവശ്യങ്ങൾ മാത്രമാണ്. സത്യത്തിൽ വേരുന്നി വളർന്നു പക്വതയാർജിക്കുന്നവർ ക്രിസ്തുവിനെ പോലെ ആകും.

ഒരു ശിശുവിനു സ്വയമായി ആഹാരം കഴിക്കുവാൻ സാധ്യമല്ല. അതിന്റെ കയ്യും വായും സഹകരിക്കുകയില്ല, കൈകളും കാലുകളും ഇഴയുവാനും നടക്കുവാനും അറിയായ്കകൊണ്ട് അത് ഇഴയുകയോ നടക്കുകയോ ഇല്ല. എന്നാൽ വളർന്നു പക്വതയിലെത്തുമ്പോൾ, കൈകളും, കാലുകളും, കണ്ണുകളും, വായും എല്ലാം ദൈവം ആഗ്രഹിക്കുന്നതുപോലെ ഒന്നു ചേർന്നു പ്രവർത്തിക്കുവാൻ കഴിയും.

സഭയും അതുപോലെയാണ്. ഓരോ അംഗവും ശരീരത്തിൽ തന്റെ പങ്ക് എന്താണെന്ന് തിരിച്ചറിയുമ്പോൾ, താന്താന്റെ കഴിവ് സത്യത്തിന്റെ മാതൃകയനുസരിച്ച് ചെയ്യുമ്പോൾ, ശരീരത്തിലെ മറ്റവയവങ്ങളെ സഹായിക്കത്തക്ക പക്വതയിലെത്തുന്നു.

(3) ദൃഢചിത്തത. കുട്ടികൾക്ക് വിവേചിക്കുവാൻ കഴിയുകയില്ല. മോശമായതിൽനിന്നു നല്ലതിനെ തിരിച്ചറിയുവാൻ ശിശുക്കൾക്ക് സാധ്യമല്ല. ഒരു

രക്ഷകർത്താവ് കുട്ടിയെ ശ്രദ്ധിച്ചില്ലെങ്കിൽ, കുട്ടി തറയിൽ കിടക്കുന്ന എന്തും എടുത്തു വായിലിടും. അതിനു തിരിച്ചറിയുവാനുള്ള കഴിവില്ല.

എഫെസ്യർ അതുപോലെയുള്ളവരല്ല എന്ന് പൗലൊസ് പറയുന്നു: "അങ്ങനെ നാം ഇനി മനുഷ്യരുടെ ചതിയാലും ഉപായത്താലും തെറ്റിച്ചുകളയുന്ന തന്ത്രങ്ങളിൽ കുടുങ്ങിപ്പോകുവാന്തക്കവണ്ണം ഉപദേശത്തിന്റെ ഓരോ കാറ്റിനാൽ അലഞ്ഞുഴലുന്ന ശിശുക്കൾ ആയിരിക്കരുത്" (4:14). പക്വതയിലെത്തിയ ക്രിസ്ത്യാനികൾ ഒരിക്കലും പുതിയ മതോപദേശത്തിന് കീഴ്പ്പെടുകയില്ല. പകരം, അവർ വിശ്വസിച്ചതിൽ ഉറച്ചു നിൽക്കുവാനുള്ള ദൃഢചിത്തത ഉള്ളവരായിരിക്കും അവർ.

ഇത്തരം ദൃഢചിത്തത ഒരു ഇടവകക്ക് എങ്ങനെ ലഭിക്കും? വിശുദ്ധന്മാരെ തുടർച്ചയായി ദൈവവചനം പഠിപ്പിക്കയും ശുശ്രൂഷയുടെ പ്രയത്നത്തിനായി ഉൽസാഹിപ്പിക്കയും വേണം. പിന്നീട് അവർ ലഭിച്ച നിർദ്ദേശങ്ങൾ പരിശീലിക്കണം. അപ്പോൾ അവർ തീർച്ചയുള്ളവരാകും.

*അവന്റെ സഭയുടെ വളർച്ച* (4:15, 16). ശരീരത്തിന് വളരുവാൻ കഴിയും. സഭയ്ക്ക് പക്വതയിലെത്തുവാൻ കഴിയും. ഓരോ അംഗവും വചനം കേൾക്കുമ്പോൾ, അവനവന്റെ പങ്ക് എന്താണെന്ന് മനസിലാക്കി, ദൈവം നൽകിയിരിക്കുന്ന ജോലി നിറവേറ്റുകയാണ് വേണ്ടത്. അതെല്ലാം സംഭവിക്കുമ്പോൾ വളർച്ചയുണ്ടാകും. ഓരോ അംഗത്തിന്റേയും വ്യക്തിപരമായ ജീവിതത്തിൽ ആത്മിയ പുരോഗതി ഉണ്ടാകും. ആ ആത്മിയ വളർച്ചയുടെ ഉറവിടം യേശു ആകുന്നു.

*ഉപസംഹാരം.* പൗലൊസ് സംസാരിച്ച വളർച്ചയും പക്വതയും എണ്ണത്തിലുള്ള വർദ്ധനവല്ല സൂചിപ്പിക്കുന്നത്. ആരോഗ്യത്തോടെ വളരുന്ന ഒരു സഭയിലെ എല്ലാ പരിവർത്തകരും ദൈവത്തിന്റെ സത്യം അനുസരിച്ച് ജീവിക്കുകയും മറ്റു ക്രിസ്ത്യാനികളുടെ ജീവിതവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുകയും ചെയ്യും. അങ്ങനെ സംഭവിക്കുമ്പോൾ, ആ ആത്മീകമായ വളർച്ച അ-ക്രൈസ്തവരെ ആകർഷിക്കുകയും അങ്ങനെ അനേകർ കർത്താവിനാൽ രക്ഷിക്കപ്പെടുകയും സഭയോട് ചേർക്കപ്പെടുകയും ചെയ്യും.

ക്രിസ് ബുള്ളാർഡ്

**യോഗ്യമായുള്ള മനോഭാവങ്ങൾ (4:1-16)**

4:1-16-ൽ, പൗലൊസ് പറയുന്നത്, എഫെസ്യർക്ക് മൂന്നു വിധത്തിൽ വിളിച്ച വിളിക്ക് യോഗ്യമായി നടക്കാം എന്നാണ്. "ആത്മാവിന്റെ ഐക്യത സമാധാന ബന്ധത്തിൽ കാപ്പാൻ ശ്രമിക്കുന്ന" നമുക്കും ആ മാർഗരേഖ ബാധകമാണ്. ആദ്യം നമുക്ക് നമ്മോടു തന്നെ ഒരു മനോഭാവമുണ്ടായിരിക്കണം-വിനയം (4:2). രണ്ടാമത്, മറ്റുള്ളവരോട് നമുക്ക് ഉണ്ടായിരിക്കേണ്ട മനോഭാവമാണ്-സൗമ്യത, ദീർഘക്ഷമയും, സ്നേഹത്തിൽ അന്യോന്യം പൊറുക്കയും വേണം (4:2). മൂന്നാമതായി, ദൈവവചനത്തോട് നമുക്കുണ്ടാകേണ്ട മനോഭാവം-ബഹുമാനം. നാം വിശ്വസിക്കുന്നതിലും പരിശീലിക്കുന്നതിലും തിരുവെഴുത്തിന്റെ ആധികാരികതയെ നാം അംഗീകരിക്കണം (4:4-16).

വിളിച്ച വിളിക്ക് യോഗ്യമായുള്ള നടപ്പ് വിജയകരമാക്കുന്നതെങ്ങനെയെന്നാണ് അദ്ധ്യായം 4 പറയുന്നത്. "ഐക്യതയുടെ ഏഴ് തൂണുകളെ" നാം ആദരിക്കണം (4:4-6), "വിശ്വാസത്തിന്റെ ഐക്യത" കാത്തു സൂക്ഷിക്കുവാൻ ക്രിസ്തു സഭയ്ക്ക് നൽകിയ ദാനങ്ങളെ ഉപയോഗിക്കുക (4:7-13). കൂടാതെ,

നാം ദൈവവചനത്തിൽ പക്വതയുള്ളവരാകുകയും സത്യം അറിയുകയും വേണം (4:14), നാം സ്നേഹത്തിൽ സത്യം സംസാരിക്കണം (4:5). വ്യക്തിപരമായി നമ്മുടെ പങ്ക് നാം ചെയ്യുമ്പോൾ, ശരീരത്തിലെ അവയവങ്ങളെല്ലാം "സ്നേഹത്തിൽ" വളരുകയും ആത്മിക വർദ്ധന പ്രാപിക്കയും ചെയ്യും (4:16).

ജേയ് ലോക്ഹാർട്ട്

---

കുറിപ്പുകൾ

[1]എതെൽബെർട്ട് ഡബ്ലിയു. ബല്ലിഞ്ചർ, *ഏ ക്രിട്ടിക്കൽ ലെക്സിക്കൻ ആന്റ് കൺകോർഡൻസ് ടു ദ ഇംഗ്ലീഷ് ആന്റ് ഗ്രീക്ക് ന്യു ടെസ്റ്റമെന്റ്* (ലണ്ടൻ: സാമുവേൽ ബാഗ്സ്റ്റർ ആന്റ് സൺസ്, എൻ. ഡി.; റീപ്രിന്റ്, ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ പബ്ലിഷിങ് ഹൗസ്, റീജെൻസി റെഫറൻസ് ലൈബ്രറി, 1975), 888. [2]ഇബിഡ്. [3]ടാർഗുംസ് എന്നത് യെഹൂദന്മാർക്ക് വേണ്ടി എബ്രായ ഭാഷയുടെ അരാമ്യ തർജിമകളാണ്, അവരുടെ പ്രാദേശിക ഭാഷ എബ്രായ ഭാഷ ആയിരുന്നില്ല (ജെ. ഈ. എച്ച്. തോംസൺ, "ടാർഗുംസ്," ഇൻ *ദ ഇന്റർനാഷ്ണൽ സ്റ്റാൻഡേർഡ് ബൈബിൾ എൻസൈക്ലോപീഡിയ,* എഡി. ജെയിംസ് ഓർ [ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1939], 5:2910.) [4]ആൻഡ്ര്യു ടി. ലിങ്കൺ, *എഫെഷ്യൻസ്,* വേർഡ് ബിബിളിക്കൽ കമെന്ററി, വാല്യം. 42 (ഡള്ളാസ്: വേർഡ് ബുക്ക്സ്, 1990), 242-43. [5]എസ്. ഡി. എഫ്. സാൽമണ്ട്, "ദ എപ്പിസ്റ്റിൽ ടു ദ എഫെഷ്യൻസ്, " ഇൻ *ദ എക്സ്പൊസിറ്റേഴ്സ് ഗ്രീക്ക് ടെസ്റ്റമെന്റ്,* എഡി. ഡബ്ലിയു. റോബർട്ട്സൺ നിക്കോൾ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1967), 3:325. [6]സ്പിറോസ് സോദിയേറ്റ്സ്, എഡി., *ദ കംപ്ലീറ്റ് വേർഡ് സ്റ്റഡി ന്യു ടെസ്റ്റമെന്റ്,* 2ഡ് എഡി. (ചാറ്റനൂഗാ, ടെന്ന.: ഏഎംജി പബ്ലിഷേഴ്സ്, 1991), 907; കൂടാതെ വാൾട്ടർ വാവെർ നോക്കുക. *ഏ ഗ്രീക്ക്-ഇംഗ്ലീഷ് ലെക്സിക്കൻ ഓഫ് ദ ന്യു ടെസ്റ്റമെന്റ് ആന്റ് അദർ ഏർലി ക്രിസ്റ്റ്യൻ ലിറ്ററേച്ചർ,* 3ഡ് എഡി., റെവ. ആന്റ് എഡി. ഫ്രെഡറിക് വില്യ ഡാങ്കർ (ഷിക്കാഗോ: യൂണിവേഴ്സിറ്റി ഓഫ് ഷിക്കാഗോ പ്രസ്, 2000), 259. [7]ലിങ്കൺ, 247. [8]സോദിയേറ്റ്സ്, 891. [9]ബല്ലിഞ്ചർ, 607. [10]സോദിയേറ്റ്സ്, 952.

[11]ബല്ലിഞ്ചർ, 257. [12]ഇബിഡ്., 339. [13]ഇബിഡ്., 246. [14]ലിങ്കൺ, 250. [15]പരിഗണിക്കുക, അപ്പല്ലൊസും പ്രിസ്കില്ലയും, തിഹിക്കൊസ്, എപ്പഫ്രാസ്, അർക്കിപ്പൊസ് (പ്രവൃ. 18:24-28; കൊലൊ. 1:7; 4:7, 12, 17). [16]ബല്ലിഞ്ചർ, 580. [17]ഇബിഡ്., 244. [18]ബാവെർ, 696. [19]ബാവെർ, 995. [20]സോദിയേറ്റ്സ്, 886.

[21]സാൽമണ്ട്, 336. [22]ഇബിഡ്. [23]കെന്നെത്ത് എസ്. വൂവെസ്റ്റ്, *വൂവെസ്റ്റ്സ് വേർഡ് സ്റ്റഡീസ് ഫ്രം ദ ഗ്രീക്ക് ന്യൂ ടെസ്റ്റമെന്റ് ഫോർ ദ ഇംഗ്ലീഷ് റീഡർ: എഫെഷ്യനൻസ് ആന്റ് കൊലൊഷ്യൻസ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1953), 104. [24]ലിങ്കൺ, 262. [25]ഇബിഡ്., 264. [26]ഹെൻറി ക്ലാരെൻസ് തിയെസെൻ, *ഇൻഡ്രൊഡക്ഷൻ ടു ദ ന്യു ടെസ്റ്റമെന്റ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1943), 3. [27]ഈ. ഏർലെ എലിസ്, *ദ ഓൾഡ് ടെസ്റ്റമെന്റ് ഇൻ ഏർലി ക്രിസ്റ്റ്യാനിറ്റി: കാനൻ ആന്റ് ഇൻട്രപ്പെടേഷൻ ഇൻ ദ ലൈറ്റ് ഓഫ് മോഡേൺ റിസേർച്ച്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1991), 3 [28]ഇബിഡ്., 7. [29]തിയെസെൻ, 10.